# ലക്ഷ്യപ്രഖ്യാപനരേഖ

16361

PC Library & Research Centre

കെ എസ് വൈ എഫ് പ്രസിദ്ധീകരണം

വില 60 പൈസ

Lekshyaprakhyaapana rekha ● Publication of K S Y F State Committee ● Distributed by Deshabhimani Book House ● Printed at Venad Packagings. ●

Price Sixty Paise

335.095483

വിതരണം: ദേശാഭിമാനി ബുക്ക് ഹൗസ്

തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ,
എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ

PC Library & Research Centre

## കേരള സോഷ്യലിസ്റ്റ് യുവജന ഫെഡറേഷൻ

# ലക്ഷ്യപ്രഖ്യാപന രേഖ

കേരളത്തിലെ പുരോഗമന യുവജന പ്രസ്ഥാനമായ കേരള സോഷ്യലിസ്റ്റ് യുവജന ഫെഡറേഷൻെറ കാഴ്ചപ്പാടും ലക്ഷ്യവും യുവജനസമൂഹത്തെ ഇന്ന് ബാധിച്ചിരിക്കുന്ന നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സഹായകമായിരിക്കണം. സമൂഹത്തിലെ എന്തും ചെയ്യാൻ പോന്ന ചൈതന്യവത്തായ ഒരു വിഭാഗമാണ് യുവജനങ്ങൾ. അവർക്ക് ജീവിക്കുവാനുള്ള അവകാശംതന്നെ പല രൂപത്തിലും ചോദ്യംചെയ്യപ്പെട്ടിരിക്കുന്നു എന്നതാണ് നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം ഈ വിഭാഗത്തിൻെറ ഒരു സവിശേഷത. അധ്വാനിച്ച് ജീവിക്കാൻ താല്പര്യപ്പെടുന്നവർക്ക് അതിനവസരം നിഷേധിച്ചിരിക്കുന്നു. സ്വാതന്ത്ര്യത്തിൻെറ മൂന്ന് ദശാബ്ദം പിന്നിട്ട ഇക്കാലത്ത് നമ്മുടെ നാട്ടിലെ യുവജനങ്ങൾ കുടുംബത്തിനും നാടിനും തങ്ങൾക്കുതന്നെയും ഒരു ഭാരമാണെന്ന ബോധമുള്ളവരായിത്തീർന്നിരിക്കുന്നു. അത്തരം ഭീഷണമായ ഒരു സ്ഥിതിവിശേഷമാണിവിടെയുള്ളത്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ സജീവ പങ്കാളികളായി സുധീരം പോരാടിയ ചരിത്രം ഇവിടത്തെ യുവജനങ്ങൾക്കുണ്ട്. ഭഗത്സിംഗിനെയും ചന്ദ്രശേഖർ ആസാദിനെയുംപോലുള്ള ധീരരക്തസാക്ഷികൾ സ്വാതന്ത്ര്യസമരത്തിനാവേശം പകർന്നവരാണ്. മീററ്റ്, ലാഹോർ ഗൂഢാലോചനക്കേസുകളും അവയുടെ വിസ്താരവും സ്വാതന്ത്ര്യസമരത്തെ ആവേശോജ്വലമായ ഒരു പുതിയ മാനത്തിലേക്ക് ഉയർത്തുകയുണ്ടായി. ഇന്ത്യക്ക് സ്വാതന്ത്ര്യം നേടാനും സംരക്ഷിക്കാനും ശാസ്ത്രീയ സോഷ്യലിസംതന്നെ ലക്ഷ്യമായംഗീകരിക്കണമെന്ന് കൽത്തുറുങ്കുകളിൽക്കിടന്നുകൊണ്ട് സാഹസികരായ വിപ്ലവകാരികൾ പ്രഖ്യാപിച്ചു. ഈ പ്രത്യേകതകളെല്ലാം നാടിൻെറ മോചനസമരത്തിൽ പൂർവോപരി ആവേശത്തോടെ ഇറങ്ങുന്നതിന് യുവതലമുറയെ പ്രേരിപ്പിച്ചു. എന്നാൽ, അന്നത്തെ യുവജനങ്ങളുടെ ആശയാഭിലാഷങ്ങളും സ്വപ്നങ്ങളും സ്വാതന്ത്ര്യാനന്തര ഇന്ത്യൻ ഭരണവർഗം തകർത്തുകളഞ്ഞു.

ഇന്ത്യയിലെ യുവജനങ്ങളുടെ ജീവിതം ഈ നിലയിലെത്തിച്ചത് ഇവിടെ നിലനിൽക്കുന്ന സാമൂഹ്യവ്യവസ്ഥിതിയാണ്. യുവജനങ്ങളുടെ ഈ ദൈന്യതയും ദുസ്ഥിതിയും എങ്ങനെ വന്നുഭവിച്ചുവെന്ന് അവരെക്കൊണ്ട് ചിന്തിപ്പിക്കാതിരിക്കാനുള്ള കൊണ്ടുപിടിച്ച ശ്രമം ഭരണകൂടത്തിൻെറ ഭാഗത്തുനിന്നും നടത്തിക്കൊണ്ടേ ഇരിക്കുന്നു. നിരാശാവാദികൾ, വിധിവിശ്വാസികൾ, പലായനവാദികൾ, മോഹഭംഗക്കാർ,

എടുത്തുചാട്ടക്കാർ എന്നിവരെല്ലാം ഈ മണ്ണിൽ പൊട്ടിമുളയ്ക്കുന്നു. ഇവരെ പിന്തിരിപ്പൻ താല്പര്യങ്ങളെയും ആശയങ്ങളെയും സംരക്ഷിക്കുന്നതിനു വേണ്ടി ഉപയോഗിക്കുന്നു, ഉപയോഗിക്കാൻ ശ്രമിക്കുന്നു. ഇത്തരമൊരു പരിതഃസ്ഥിതിയിൽ പുരോഗമനപരവും ശാസ്ത്രീയവുമായ കാഴ്ചപ്പാടിലൂടെ നമ്മുടെ നാട്ടിലെ യുവജനങ്ങളെ നയിക്കുന്നതിന് പ്രതിജ്ഞാബദ്ധമായ കേരള സോഷ്യലിസ്റ്റ് യുവജന ഫെഡറേഷൻ അതിന്റെ ലക്ഷ്യം പ്രഖ്യാപിക്കുന്നതിന് നമ്മുടെ നാട്ടിലെ പൊതുസ്ഥിതി വസ്തുനിഷ്ഠമായി പരിശോധിക്കേണ്ടതുണ്ട്.

## 1 ഈ കാലഘട്ടത്തിന്റെ യുവജന ശക്തിയുടെ പ്രത്യേകതകൾ

മുതലാളിത്തം നാശഗർത്തത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ലോകത്തെമ്പാടും മാററത്തിനും മോചനത്തിനുംവേണ്ടി ഉയർന്നുവരുന്ന ഉജ്വലപ്പോരാട്ടങ്ങളിൽ യുവജനങ്ങൾ ഗണനീയമായ പങ്ക് വഹിക്കുന്ന ചിത്രമാണ് എങ്ങും കാണുന്നത്. ഈ ശക്തിയെ അവഗണിക്കുന്നതിന് വളരുന്ന ശക്തികൾക്കും തളരുന്ന ശക്തിക്കും കഴിയുകയില്ല എന്ന സത്യം ചരിത്രം ഉദ്ഘോഷിക്കുന്നു. ഓരോ രാജ്യത്തിന്റെയും സവിശേഷപ്രശ്നങ്ങളിൽ യുവജനങ്ങൾക്കുള്ള താല്പര്യവും അവർ വഹിക്കുന്ന പങ്കും നിസ്സീമമാണ്. സാമ്രാജ്യത്വരാജ്യങ്ങളിൽ ആ വ്യവസ്ഥക്കെതിരായും കോളനികളിൽ കൊളോണിയലിസത്തിനെതിരായും അവികസിതരാജ്യങ്ങളിൽ പുത്തൻ കൊളോണിയലിസത്തിനെതിരായും നടക്കുന്ന പ്രസ്ഥാനങ്ങളിലും മോചനസമരങ്ങളിലും യുവജനങ്ങൾ സജീവ പങ്കാളികളാകുന്ന കാഴ്ചയാണ് നമുക്കെങ്ങും കാണാൻ കഴിയുന്നത്. സോഷ്യലിസ്റ്റ്നാടുകളിലെ യുവജനങ്ങളാകട്ടെ, കാലഹരണപ്പെട്ട മുതലാളിത്തത്തിന്റെ കുത്തിത്തിരിപ്പുകൾക്കെതിരായിട്ടും സോഷ്യലിസ്റ്റ്നിർമാണ പ്രവർത്തനങ്ങളിലും തങ്ങളുടെ ശക്തി വിനിയോഗിക്കുന്നു.

## 2 പ്രതിവിപ്ലവ ശ്രമങ്ങളെ ജാഗ്രതയോടെ വീക്ഷിക്കുക

സമൂഹത്തിലെ വളരുന്ന ശക്തികൾക്കനുകൂലമായി യുവജനങ്ങൾ അണിനിരക്കുന്നതിന്റെ ഫലമായി മുതലാളിത്തത്തിന്നേൽക്കുന്ന കനത്ത പ്രഹരത്തെപ്പററി മനസിലാക്കിയ മുതലാളിത്തശക്തികൾ യുവതലമുറയെ അവർക്കനുകൂലമായി മാററുന്നതിന് ശ്രമിക്കുന്നു. ഈ ശ്രമങ്ങൾ പലതും, താൽക്കാലികമാണെങ്കിലും, വിജയത്തിലെത്തിയതിന്റെ ഉദാഹരണങ്ങൾ സാർവദേശീയരംഗത്ത് നമുക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. നിക്ഷിപ്തതാല്പര്യക്കാർ അത്തരം താൽക്കാലികവിജയങ്ങളുടെ അടിസ്ഥാനത്തിൽ യുവജനങ്ങളെ അവർക്കനുകൂലമാക്കുന്നതിന് വിവിധ മാർഗങ്ങൾ സ്വീകരിക്കുന്നു. ബൂർഷ്വാ ജനാധിപത്യ വ്യവസ്ഥിതികളിൽ തന്നെയുള്ള ഫാസിസ്റ്റ്വിപത്ത് തലപൊക്കുന്ന അവസരത്തിൽ യുവ

തലമുറയെ ഫാസിസത്തിനനുകൂലമാക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കാറുണ്ട്, ജർമനിയിലെ യുവജനങ്ങളെ "ബ്രൗൺ ഷർട്ട്സ്" എന്ന പേരിൽ സംഘടിപ്പിച്ച് ഹിററ്ലറുടെ നാസിഭരണത്തിന്റെ താങ്ങായി നിർത്തി. മുസോളിനിയുടെ ഫാസിസ്റ്റ്ഭരണത്തിന്റെ നെട്ടംതൂണായി വർത്തിച്ചത് "ബ്ളേക്ക് ഷർട്ട്സ്" എന്ന പേരിൽ അറിയപ്പെട്ടിരുന്ന യുവജന സംഘടനയാണ്. ഇന്തോനേഷ്യയിലെ പ്രതിവിപ്ലവത്തിൽ അവിടത്തെ യുവജനങ്ങൾ മുഖ്യപങ്കാളികളായിരുന്നു. എന്തിനേറെ, ജനങ്ങളിൽനിന്നൊററപ്പെട്ട ഭരണാധികാരികൾ നമ്മുടെ നാട്ടിൽ ഏകവ്യക്തി-ഏക കക്ഷി അമിതാധികാരഭരണം നടത്തുന്നതിനുപോലും ഒരുവിഭാഗം യുവജനങ്ങളെ ഉപയോഗിച്ചിരുന്നു. സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥ പടുത്തുയർത്തിക്കൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ പ്രതിവിപ്ലവം സംഘടിപ്പിക്കുന്നതിനു് സാമ്രാജ്യത്വം യുവജനങ്ങളെ കരുവാക്കുന്നതിൽ ഇന്നും ദത്തശ്രദ്ധരാണ്. സാമൂഹ്യപരിവർത്തനത്തിനു് ധീരോദാത്തവും ഉജ്വലവുമായ പങ്കുവഹിക്കേണ്ട യുവജനങ്ങളെയാണ് ഈ രീതിയിൽ പ്രതിവിപ്ലവ പക്ഷത്തേക്കു് നയിക്കുന്നതു്. വിവിധ ആശയങ്ങൾക്കു് യുവജനങ്ങൾക്കിടയിൽ വളരെ വേഗം കടന്നുചെല്ലാൻ കഴിയുന്നു എന്നത് ഈ വിഭാഗത്തിന്റെ ഒരു സവിശേഷതയാണ്. വിപ്ലവപരവും പ്രതിവിപ്ലവപരവുമായ ആശയങ്ങൾക്കു് ഇവരെ ആകർഷിക്കാൻ കഴിയും. വിപ്ലവപരമായ ആശയങ്ങളോടു് യുവജനങ്ങൾക്കുള്ള കടന്ന ആഭിമുഖ്യം പ്രതിവിപ്ലവശക്തികൾ മനസിലാക്കുകയും അവരുടെ ആശയങ്ങളെ വിപ്ലവപരമായ മുഖാവരണം കൊടുത്ത് യുവജനങ്ങൾക്കിടയിൽ സൂത്രത്തിൽ പ്രചരിപ്പിക്കുകയും ചെയ്യുന്നു. കാലഹരണപ്പെട്ട ആശയങ്ങളും ചിന്താഗതികളും പുത്തൻ വ്യാഖ്യാനത്തോടും പ്രവർത്തനരീതികളോടുംകൂടി യുവാക്കൾക്കിടയിൽ കടത്തിവിടുന്നതും ഇതിന്റെ ഭാഗം തന്നെ. തകർന്നുകൊണ്ടിരിക്കുന്ന സാമൂഹ്യവ്യവസ്ഥയുടെ ദുരന്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന യുവതലമുറ എല്ലാററിനെയും എതിർക്കുന്നു. ഈ എതിർപ്പിനെ ചൂഷണം ചെയ്തുകൊണ്ടു് നാശോന്മുഖമായ മുതലാളിത്തവ്യവസ്ഥയെ താങ്ങിനിർത്തുന്നതിനു് ഉപയുക്തമായ രീതിയിൽ സംഘടിത വിപ്ലവപ്രസ്ഥാനത്തിനെതിരായി ബോധപൂർവം ഉപയോഗിക്കുന്നു. യുവജനങ്ങളുടെ കർമശക്തിയെ തെററായ മാർഗങ്ങളിൽകൂടി നയിക്കുന്നതിനുള്ള സമർത്ഥമായ നീക്കങ്ങളെ ഗൗരവത്തോടെ നേരിടുന്നതിനു് ഈ അനുഭവങ്ങൾ സാധനാപാഠങ്ങളായിക്കൊണ്ടുള്ള ജാഗ്രതയും വ്യക്തമായ ലക്ഷ്യബോധവും യുവജനങ്ങൾക്കുണ്ടാവണം.

## 3 മുതലാളിത്തവ്യവസ്ഥയിലെയും സോഷ്യലിസ്റ്റ് വ്യവസ്ഥയിലെയും യുവജനങ്ങളുടെ സ്ഥിതി

നമ്മുടെ നാട്ടിലെ യുവജനങ്ങൾ അഭിമുഖീകരിക്കുന്ന ഏററവും ഭീകരമായൊരു സ്ഥിതിവിശേഷമാണ് തൊഴിലില്ലായ്മ. ഇത്തരം തൊഴി

ലില്ലായ്മയും തജ്ജന്യമായ ജീവിതപ്രയാസങ്ങളും ലോകത്തിലെ മുതലാളിത്ത രാജ്യങ്ങളിലെല്ലാം നിലനിൽക്കുന്നുണ്ട്. കുറഞ്ഞവിലയ്ക്ക് അധ്വാനശക്തി വാങ്ങി ചൂഷണം നിലനിർത്തുകയെന്നതു് ഈ വ്യവസ്ഥയുടെ സ്വഭാവമാണ്. സാമ്രാജ്യത്വശക്തികൾക്ക് നേതൃത്വം നൽകുന്ന അമേരിക്കയിൽപോലും തൊഴിലില്ലായ്മ പെരുകിക്കൊണ്ടിരിക്കുന്നു. തൊഴിലില്ലായ്മാവേതനം നൽകി തൊഴിലില്ലാത്തവരെ അടക്കിനിർത്തുന്നതിനുപോലും അവർക്ക് കഴിയുന്നില്ല. നിലവിലുള്ള വ്യവസായസ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും മററും ചെയ്യുന്നതിലൂടെ തൊഴിലവസരങ്ങൾ വീണ്ടും ഇല്ലാതാകുന്നു. പട്ടിണിയും മററ് ജീവിതപ്രയാസങ്ങളും കൂടിക്കൂടി വരുന്നു. ഇതിൻെറ പ്രതിഫലനം സാംസ്കാരികരംഗത്തും വ്യക്തമായിക്കാണാം. അമേരിക്കയിലെ ഇന്നത്തെ സാംസ്കാരിക അരാജകത്വം ഈ സമ്പദ്‌വ്യവസ്ഥയുടെ വ്യക്തമായ പ്രതിഫലനമാണ്. ജീവിതത്തോടുള്ള ആഭിമുഖ്യം കുറയ്ക്കുന്നതിനുള്ള ആശയപ്രചാരണം അവിടെ ശക്തമായി നടക്കുന്നു. ബ്രിട്ടൻ, പ: ജർമനി, ഫ്രാൻസ്, ജപ്പാൻ, ഇററലി തുടങ്ങിയ മുതലാളിത്ത രാജ്യങ്ങൾ അമേരിക്കയേക്കാൾ ഭീകരമായൊരു സ്ഥിതിയിലാണ് എത്തിനിൽക്കുന്നതു്. ഇതിനു് പരിഹാരം കാണുന്നതിനായി മുതലാളിത്തമാർഗത്തിൽക്കൂടി നടത്തുന്ന എല്ലാ ശ്രമങ്ങളും കൂടുതൽ കൂടുതൽ കുഴപ്പങ്ങളുണ്ടാക്കുന്നു. ഈ കുഴപ്പങ്ങളിൽപ്പെട്ടു് ജീവിക്കാൻ പ്രയാസപ്പെടുന്ന യുവജനങ്ങൾ അതാതു് നാടുകളിൽ അലസരും അസംതൃപ്തരും അശുഭാപ്തിവിശ്വാസികളുമായിത്തീരുന്നു.

എന്നാൽ തൊഴിലില്ലായ്മയും മററ് ദുരന്താനുഭവങ്ങളും പാടെ നിർമാർജനം ചെയ്യു, സോഷ്യലിസ്റ്റ് നിർമാണപ്രവർത്തനങ്ങൾ നടക്കുന്ന രാജ്യങ്ങളിലുള്ള യുവജനങ്ങളുടെ സ്ഥിതി തികച്ചും വ്യത്യസ്തമാണ്. അവിടെ ജീവിതം അതിൻെറ എല്ലാ അർത്ഥത്തിലും പുഷ്ടിക്കുന്നു. പട്ടിണിയും പരിവട്ടവും തൊഴിലില്ലായ്മയും മോഹഭംഗവും വ്യർത്ഥതാബോധവും ഒന്നും ആ ജീവിതരീതിയിൽ വരുന്നില്ല. ഈ അടുത്ത കാലത്തു് മാത്രം അമേരിക്കൻ സാമ്രാജ്യത്വത്തിനു് കനത്ത ആഘാതമേൽപിച്ചുകൊണ്ടു് സ്വാതന്ത്ര്യംനേടിയ വിയത്നാമും ലാവോസും കംബോഡിയയും ഭദ്രമായ ഒരടിത്തറയിൽ നല്ലൊരു ജീവിതസമ്പ്രദായം പടുത്തുയർത്താനുള്ള ശ്രമത്തിലാണ്. നാമിന്നഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ നമ്മുടെ നാടും ഒരു സോഷ്യലിസ്റ്റ്നാടായിത്തീരണം എന്നു് ഈ വസ്തുതകളെല്ലാം വ്യക്തമാക്കുന്നു. കാലഹരണപ്പെട്ട വ്യവസ്ഥകളെ നശിപ്പിച്ചിട്ടേ ഒരു സോഷ്യലിസ്റ്റ്‌വ്യവസ്ഥ പടുത്തുയർത്തുവാൻ നമുക്ക് കഴിയൂ. സോഷ്യലിസ്റ്റ് എന്ന ആശയം ഇന്നു് സാർവജനീനമായി അംഗീകരിക്കപ്പെട്ടപ്പോൾ ശത്രുക്കൾപോലും സോഷ്യലിസത്തിനു വേണ്ടി നിലകൊള്ളുന്നുവെന്നു് അഭിനയിക്കുന്ന കാലമാണിതു്. അതിനാൽ സോഷ്യലിസംകൊണ്ടർത്ഥമാക്കുന്നതെന്താണെന്നും ആ വ്യവസ്ഥ ഇവിടെ വരുത്തു

വാൻ അതിന്റെ മുന്നുപാധികളായി ചെയ്തുതീർക്കേണ്ടതെന്തെന്നും ശാസ്ത്രീയമായി മനസിലാക്കേണ്ടതുണ്ട്: സോഷ്യലിസമെന്ന പദപ്രയോഗം അത്തരമൊരു ജീവിതാനുഭവമുണ്ടാക്കുകയില്ല. സോഷ്യലിസ്റ്റ്‌വ്യവസ്ഥയിലേക്ക് ഒരു രാജ്യത്തെ മാററണമെങ്കിൽ അതിനാവശ്യമായ ഭൗതികസാഹചര്യങ്ങളുണ്ടായിരിക്കണം.

## 4 ജനാധിപത്യവിപ്ളവകടമകൾ പൂർത്തീകരിക്കുക.

സോഷ്യലിസ്റ്റ്‌സാമൂഹ്യവ്യവസ്ഥയ്ക്കുവേണ്ടി നീങ്ങുന്ന നമ്മൾ ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ആദ്യമായും ജനാധിപത്യവിപ്ലവകടമകൾ പൂർത്തീകരിച്ചേ പററൂ. അതുകൊണ്ട് ജനാധിപത്യവിപ്ലവത്തിന്റെ കടമകളെന്തെന്ന് യുവതലമുറ മനസിലാക്കണം. ജനാധിപത്യവിപ്ലവം പൂർത്തീകരിക്കുന്നതിനു് ഏതു നേതൃത്വം സ്വീകരിക്കണമെന്നും ഏതു വിധത്തിൽ മുന്നേറണമെന്നും ഉള്ള വ്യക്തമായ കാഴ്ചപ്പാട് നമുക്കുണ്ടായിരിക്കണം. കാർഷികരംഗത്തു് സമൂലമായ മാററത്തിനുവേണ്ടി ആ രംഗത്തെ ജന്മിത്ത-നാടുവാഴിത്ത അവശിഷ്ടങ്ങളെ തുത്തുമാറേറണ്ടതു് നമ്മുടെ അടിയന്തര കടമയാണ്. സമൂഹത്തിലെ ഭൂരിപക്ഷത്തെ എണ്ണിയാലൊടുങ്ങാത്ത ദുരിതങ്ങളിലാഴ്ത്തി കൈവിരലിലെണ്ണാവുന്ന കുത്തകകൾ തടിച്ചുകൊഴുത്തുകൊണ്ടിരിക്കുന്ന രാജ്യമാണ് നമ്മുടേതു്, ഈ കുത്തകകളുടെ താല്പര്യം സംരക്ഷിക്കലാണ് ഇവിടെ ഇപ്പോൾ നടക്കുന്നതു്. കുത്തകാധിപത്യം തകർക്കുക എന്നതു് നമ്മുടെ മുഖ്യകടമകളിൽ ഒന്നാണ്. കുത്താകാധിപത്യത്തിനു് കോട്ടംതട്ടാതിരിക്കുന്നതിനു് സാമ്രാജ്യത്വപ്രീണനം നടക്കുന്നു. നമ്മുടെ സ്വാതന്ത്ര്യംപോലും അപകടത്തിലാക്കുന്ന സാമ്രാജ്യത്വത്തോട് വിട്ടുവീഴ്ചയില്ലാത്ത സമരം നടത്തേണ്ടതു് നമ്മുടെ മറെറാരു കടമയാണ്. അങ്ങനെ (a) ഫ്യൂഡൽവിരുദ്ധവും (b) കുത്തകവിരുദ്ധവും (c) സാമ്രാജ്യത്വവിരുദ്ധവും ആയ പാതയിലൂടെ മുന്നേറി ജനാധിപത്യവിപ്ലവത്തിന്റെ കടമകൾ പൂർത്തീകരിക്കേണ്ടതു് നമ്മുടെ ലക്ഷ്യമാണ്. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനു് കേരളത്തിലെ യുവജനങ്ങളെ മുഴവൻ നമ്മുടെ കൊടിക്കീഴിൽ അണിനിരത്തുവാൻ കഴിയുന്നം, കേരളത്തിലെ യുവതലമുറയുടെ മൊത്തത്തിലുള്ള ലക്ഷ്യമായി ഇതിനെ അംഗീകരിപ്പിക്കണം.

യുവജനങ്ങൾ വർഗമല്ല, വർഗങ്ങൾ നിലനിൽക്കുന്ന നമ്മുടേതുപോലുള്ള സമൂഹത്തിലെ ശ്രദ്ധേയമായ ഒരു വിഭാഗം മാത്രമാണ്. ഈ വിഭാഗത്തെ വിലയിരുത്തുന്നതിൽ തെററുപററരുതു്. യുവജനവിഭാഗം ജന്മനാ വിവിധ വർഗങ്ങളോട് ബന്ധമുള്ളതാണ്. ഇന്നത്തെ സാമൂഹ്യവ്യവസ്ഥയുടെ ദൂഷിതവലയങ്ങളിൽ കഴിയുന്ന അവർ ഇതിൽനിന്നും രക്ഷപ്പെടാൻ ആഗ്രഹിക്കുന്നവരാണ്. പക്ഷെ, ആഗ്രഹംകൊണ്ടുമാത്രം രക്ഷപ്പെടാനാവില്ല. നിലനിൽക്കുന്ന വ്യവസ്ഥ തകർത്താലേ അതു സാധിക്കു. അങ്ങനെ തകർക്കണമെങ്കിൽ അതിനു് നേതൃത്വംനൽകുന്ന തൊഴിലാളിവർഗശക്തിയുണ്ടായിരിക്കണം. അക്കാര്യത്തിൽ തൊഴിലാളി

വർഗശക്തിയുടെ നേതൃത്വത്തിൽ അതിൻെറ സഖ്യശക്തികൾ നടത്തുന്ന ശ്രമങ്ങളിൽ അവരോടൊപ്പം യുവജനങ്ങളും തങ്ങളുടെ കടമ നിർവഹിക്കണം. അതിനായി ജനാധിപത്യവിപ്ലവത്തിൻെറ സ്വഭാവത്തെക്കുറിച്ചു വ്യക്തമായ കാഴ്ചപ്പാടും ശക്തമായ നിലപാടും ഉള്ള ഒരു യുവജനസംഘടനയാണ് നമ്മുടെ നാടിനാവശ്യം. സംഘടനകൾക്കതീതമായും യഥാർത്ഥ വസ്തുതകളെ കാണാതെയും വ്യാമോഹങ്ങൾക്ക് അടിമപ്പെട്ടും നീങ്ങാതെ യുവതലമുറയെ ശരിയായ ലക്ഷ്യത്തിലേക്ക് നയിക്കാൻ ഈ സംഘടന പ്രതിജ്ഞാബദ്ധമാണ്. ഈ രീതിയിൽ തൊഴിലാളിവർഗബോധത്താൽ നയിക്കപ്പെടുന്ന ഒരു സംഘടനയായും നമ്മുടെ പ്രസ്ഥാനം കേരളത്തിൽ പ്രവർത്തിക്കണം.

## 5 ഇന്നത്തെ ഇന്ത്യ

കേരളത്തിൻെറയും കേരളമുൾപ്പെടുന്ന ഇന്ത്യയുടെയും ഇന്നത്തെ സ്ഥിതി മനസിലാക്കിയാലേ ജനാധിപത്യവിപ്ലവത്തിൻെറ കടമകൾ പൂർത്തിയാക്കേണ്ടതിൻെറ ഗൗരവം ബോദ്ധ്യമാകൂ. സ്വാതന്ത്ര്യം ലഭിച്ചകാലത്തു് നാമമാത്രമായ വ്യവസായങ്ങളെ ഇന്ത്യയിൽ ഉണ്ടായിരുന്നുള്ളു.

ഇവിടത്തെ ബൂർഷ്വാസി, അധികാരകൈമാററത്തോടെ സ്വയം വളരുന്നതിനു് വെമ്പൽപൂണ്ടു. എന്നാൽ അതിനായി പ്രാങ്ങ് മുതലാളിത്ത വ്യവസ്ഥിതിയെ തകർക്കാൻ അവർ തയ്യാറായില്ല. അതുപോലെ സാമ്രാജ്യത്വം വിട്ടു് സ്വന്തം കാലിൽനിന്നു് മുന്നോട്ടുപോകാനും അവർ തയ്യാറില്ല. മുതലാളിത്തമാർഗത്തിൽകൂടി മുതലാളിത്തത്തിൻെറ നാശകാലത്തു് ഇന്ത്യയെ വികസിപ്പിക്കാനാണ് അധികാരിവർഗം തുനിഞ്ഞതു്. അധികാരംകിട്ടിയ ബൂർഷ്വാസി വൻകിട ബൂർഷ്വാസിയായി സാമ്രാജ്യത്വവുമായി ബന്ധപ്പെടുമ്പോൾതന്നെ സ്വന്തം വളർച്ചയ്ക്കുവേണ്ടി സോഷ്യലിസ്റ്റ്നാടുകളുടെ സഹായം സാമ്രാജ്യത്വത്തോടു് വിലപേശുന്നതിനായി ഉപയോഗിച്ചു. ഇങ്ങനെ ചാഞ്ചാട്ടത്തോടെ വർത്തിച്ചു് കുത്തക താല്പര്യം സംരക്ഷിച്ചതോടെ ഇന്ത്യൻജനത നിത്യദുരിതത്തിലായി. തൊഴിലെടുത്തു ജീവിക്കുന്നവർക്ക് തങ്ങളുടെ അധ്വാനശക്തി മതിയായ വിലയ്ക്കു് വിററു ജീവിക്കുവാൻ കഴിയാതെയായി. ഉള്ള തൊഴിൽ തന്നെ എപ്പോഴാണ് നഷ്ടപ്പെടുന്നതു് എന്നറിയാൻ കഴിയുന്നില്ല. തൊഴിലില്ലായ്മ പെരുകുന്നു. കുത്തകകൾ തടിച്ചുകൊഴുക്കുന്നു. സാമ്രാജ്യത്വ രാജ്യങ്ങൾ കൂടുതൽ ലാഭം ചോർത്തിക്കൊണ്ടുപോകുന്നു. കൃഷിക്കാർ പാപ്പരായിക്കൊണ്ടിരിക്കുന്നു. ഇതാണ് ഇന്നത്തെ സ്ഥിതി.

ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയിട്ടും ഭൂരിപക്ഷത്തിനും ജീവിക്കാനുള്ള സ്വാതന്ത്ര്യം യഥാർത്ഥത്തിലില്ല. സ്വാതന്ത്ര്യം കിട്ടിയകാലത്തു് 33 ലക്ഷം തൊഴിലില്ലാത്തവരായിരുന്നു. പഞ്ചവത്സരപദ്ധതികളും പദ്ധതിയില്ലാവർഷങ്ങളും കടന്നുപോയപ്പോൾ ഇന്നു് തൊഴിലില്ലാത്തവരുടെ എണ്ണം 600 ലക്ഷത്തിലധികമായിരിക്കുന്നു. കേരളത്തിൽമാത്രം 25ലക്ഷത്തിൽപരം പേർ ഇന്നും തൊഴിലില്ലാതെ അലയുന്നു. തൊഴിലില്ലാത്ത

വരിൽ അഭ്യസ്തവിദ്യരും അനഭ്യസ്തവിദ്യരും ഉംപ്പെടും. അഭ്യസ്തവിദ്യരിൽ സാങ്കേതിക പരിജ്ഞാനം സിദ്ധിച്ചവരും അല്ലാത്തവരുമുണ്ട്. അതോടൊപ്പം ഉണ്ടെന്നുപറയുന്ന തൊഴിലിനെക്കുറിച്ചും പഠിക്കേണ്ടതാണ്. ആ പഠനം തൊഴിലില്ലായ്മയുടെ ആഴം എത്രമാത്രമാണെന്ന് ബോധ്യപ്പെടുത്തും. ഭാഗികമായിമാത്രം തൊഴിൽചെയ്യുന്നവരും അർഹിക്കുന്ന തൊഴിൽ ലഭിക്കാത്തതിനാൽ കിട്ടുന്ന തൊഴിൽചെയ്ത് ജീവിതം തള്ളിനീക്കുന്നവരും തൊഴിലില്ലായ്മയുടെ രൂക്ഷത കുറയ്ക്കാൻ ശ്രമിക്കുന്നുണ്ട്.

പൂർണമായി തൊഴിലില്ലാത്ത അവസ്ഥ (unemployment) ഭാഗികമായി തൊഴിലില്ലായ്മ (under employment) യഥാർത്ഥത്തിൽ അഭ്യസിച്ചിട്ടുള്ള തൊഴിലിനുപകരം എങ്ങനെയും ജീവിതത്തെ നിലനിർത്തണമെന്ന ഉദ്ദേശ്യത്തോടെ കിട്ടുന്ന തൊഴിലെടുക്കുന്ന അവസ്ഥ. Mis employment എന്നിങ്ങനെ വിവിധ രൂപത്തിൽ തൊഴിലില്ലായ്മ അനുഭവപ്പെടുന്നു. ഇവരെ മൊത്തത്തിൽ തൊഴിലില്ലാത്തവരായി കണക്കാക്കിയാൽ ഇന്ത്യയിൽ തൊഴിലെടുക്കാൻ കഴിയുന്നവരുടെ മൂന്നിലൊന്നിൽ കൂടുതൽപേർ ഇതിൽപ്പെടും. ഉള്ള തൊഴിൽതന്നെ സ്ഥിരമായി ലഭിക്കുമെന്നുറപ്പില്ല. അനവസരത്തിലുള്ള യന്ത്രവൽക്കരണം ഈ രംഗം ശ്മശാനതുല്യമാക്കി മാററുന്നു. കുത്തകതാല്പര്യത്തെ സംരക്ഷിക്കുന്നതിൻെറ ഫലമായി പരമ്പരാഗത വ്യവസായങ്ങൾ തകരുന്നു. ലക്ഷങ്ങൾ പണിയെടുത്തുകൊണ്ടിരുന്ന നമ്മുടെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയവയെല്ലാം തൊഴിലില്ലായ്മ പെരുകുന്ന വിധത്തിൽ തകർന്നുകൊണ്ടിരിക്കുകയാണ്. കാർഷികരംഗവും ഇതിന് അപവാദമല്ല.

തൊഴിലന്വേഷകരുടെ ബാഹുല്യവും യന്ത്രവൽക്കരണവും മററും കാർഷികരംഗത്തും തൊഴിലില്ലായ്മ സൃഷ്ടിക്കുന്നു. അദ്ധ്വാനശക്തിയെ പൂർണമായ അളവിൽ ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടെയല്ല വ്യവസായരംഗത്തെ പുത്തൻനീക്കങ്ങൾ. അദ്ധ്വാനശക്തി ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാവണമെന്ന് അതു് കെട്ടിക്കിടക്കണമെന്ന് ആണ് അവരുടെ വർഗതാല്പര്യം.

## 6 തൊഴിലില്ലായ്മയെ നേരിടുന്ന രീതി

ബൂർഷ്വാവർഗതാല്പര്യത്തിൻെറ സന്തതിയായ തൊഴിലില്ലായ്മ ബൂർഷ്വാവർഗത്തിൻെറതന്നെ അടിതകർക്കാതെ നോക്കേണ്ടതു് അവരുടെ ആവശ്യമാണ്. കുത്തകവർഗാധിപത്യത്തിന്നെതിരായുള്ള ഭീഷണിയിൽ നിന്നും രക്ഷപ്പെടുന്നതിന് ചില പൊടിക്കൈകളും പ്രചാരണങ്ങളും ഈ രംഗത്തു് ഭരണവർഗം പ്രയോഗിക്കാറുണ്ട്. വീട്ടിക്കൊരു തൊഴിലും ഗ്രാമത്തിന്നൊരു ഫാക്ടറിയും ക്രേഷ്പ്രോഗ്രാമുമെല്ലാം ഇത്തരത്തിലുള്ളവയാണ്. ഇന്നു് ഭരണത്തിലുള്ളവർ പത്തുവർഷത്തിനകം തൊഴിലില്ലായ്മ നിർമാർജനംചെയ്യുമെന്നു് വാഗ്ദാനം ചെയ്യുന്നു.

മുതലാളിത്തപാതയിൽ കൂടി ചലിക്കുന്ന ഇവർക്ക് പൊള്ളയായ വാഗ്ദാനം നൽകാൻ കഴിയുമെന്നതിൽ കവിഞ്ഞ് ഇവർ ആത്മാർത്ഥമായി വിചാരിച്ചാൽപോലും ഈ വ്യവസ്ഥയിൽ ഇതിനു പരിഹാരം കാണാൻ കഴിയുകയില്ല. തൊഴിലില്ലായ്മയുടെ ഭീഷണിയിൽ നിന്നു രക്ഷപ്പെടുന്നതിനും തൊഴിലെടുക്കുന്നവൻെറ ജീവിതപ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള ശ്രമങ്ങളെ തകർക്കുന്നതിനും വേണ്ടി പുത്തൻ പ്രചാരണരീതികളും ഈ രംഗത്ത് കടന്നുവന്നിട്ടുണ്ട്. തൊഴിലുള്ളവനാണ് തൊഴിലില്ലാത്തവൻെറ ശത്രു എന്നതാണ് ആ പ്രചാരണത്തിൻെറ കാതൽ. അധ്വാനശക്തി, കുറഞ്ഞ വിലയ്ക്കാണെങ്കിൽപോലും വിററു ജീവിക്കാൻ അവസരം ലഭിച്ച ഒരു വിഭാഗവും അതിനുപോലും അവസരം കിട്ടാത്ത മററൊരു വിഭാഗവും മുതലാളിത്തത്തിൻെറ ചൂഷണത്തിന് വിധേയരാണ്. ജീവിക്കുന്നതിനുവേണ്ടി അധ്വാനശക്തി വിൽക്കാൻ ഇരുകൂട്ടരും തയ്യാറാണെങ്കിലും ഒരുകൂട്ടർക്ക് അവസരം ലഭിച്ചപ്പോൾ മറു കൂട്ടർക്ക് അവസരം ലഭിച്ചില്ലെന്നതാണ് ഇവർക്കു തമ്മിലുള്ള വ്യത്യാസം. ഒരേ വർഗതാല്പര്യത്തിൽ നിൽക്കേണ്ട ഇവരെ തമ്മിൽ ഏററുമുട്ടിച്ച് മുതലാളിത്തതാല്പര്യം സംരക്ഷിച്ച് മുന്നോട്ടുപോകാനാണ് ഭരണവർഗം ശ്രമിക്കുന്നതു്. ഈ കുൽസിതശ്രമം പൊളിക്കേണ്ടതു് അടിസ്ഥാനപരമായ മാററം ഉണ്ടായാലേ തൊഴിലില്ലായ്മ പരിഹരിക്കാനാവൂ എന്ന ശാസ്ത്രീയവീക്ഷണമുള്ളവരുടെ കടമയാണ്. അത്തരം മാററമുണ്ടായ സോഷ്യലിസ്റ്റ്നാടുകളിൽ ഈ വിപത്തില്ല. അവയിൽ പലതും (ഉദാ: ചൈന) ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം മോചിതമായവയാണ് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്.

## 7 വ്യവസായ പുനഃസംവിധാനം

നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന അസംസ്കൃതപദാർത്ഥങ്ങൾ ഉപയോഗിച്ചുള്ള വ്യവസായങ്ങളും അതിനാവശ്യമായ ആഭ്യന്തര കമ്പോളം വികസിപ്പിക്കലും നടത്തിയാൽ തൊഴിൽസാധ്യത വർധിപ്പിക്കുന്നതിന് കഴിയും. ഊർജശക്തി വേണ്ടുവോളം ലഭ്യമാണുതാനും. ഇരുമ്പയിര്, അലുമിനിയം അയിര്, ചുണ്ണാമ്പുകല്ല്, ഇൽമനൈററ് മൊണൊസൈററ്, റബർ, സുഗന്ധദ്രവ്യങ്ങൾ, തോൽ തുടങ്ങിയവയും മററ് കാർഷികവിഭവങ്ങളും ഇതിനായി ഉപയോഗിക്കാം. വിദേശാശ്രയത്വത്തിൽനിന്നും വിമുക്തമായ ഒരു പുനഃസംവിധാനം വ്യാവസായികരംഗത്തുണ്ടാകണം. അടിസ്ഥാന ഘനവ്യവസായങ്ങൾ പ്രയോജനകരമായ രീതിയിൽ ആരംഭിക്കണം. ഇതിനെല്ലാം കടകവിരുദ്ധമായ സമീപനത്തോടെ കുത്തകമുതലാളിത്തതാല്പര്യം സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങളാണ് ഇവിടെ നടക്കുന്നതു്.

## 8 കാർഷികരംഗത്തെ ചൂഷണം അവസാനിപ്പിക്കുക

വ്യാവസായികരംഗത്ത് അഭിവൃദ്ധി കൈവരിക്കണമെങ്കിൽ കാർഷികരംഗത്തു് പുരോഗതിയുണ്ടാകണം. കാലംകഴിഞ്ഞ ജന്മിത്ത-നാടു

16361

വാഴിത്ത വ്യവസ്ഥിതിയുടെ അവശിഷ്ടങ്ങൾ ഇതുവരെ തുത്തുമാററിയിട്ടില്ല. അതിനുപകരം അതുമായി സഖ്യത്തിലിരുന്നുകൊണ്ട് മുതലാളിത്തം കെട്ടിപ്പടുക്കാനാണ് ഭരണവർഗം ശ്രമിക്കുന്നത്. ജന്മി-നാടുവാഴിതാല്പര്യങ്ങളെ ഉന്മൂലനംചെയ്യുക എന്നത് ഇന്ത്യൻ കുത്തകകളുടെ താല്പര്യമല്ലാതായിട്ടുണ്ട്. കൃഷിക്കാരനെ സ്വതന്ത്രനാക്കി, കൃഷിഭൂമിക്കുടമയാക്കി അവൻെറ സർഗശക്തി കെട്ടഴിച്ചുവിടുന്നതിലൂടെ മാത്രമേ കാർഷികപുരോഗതി കൈവരിക്കാനാവൂ എന്ന സത്യത്തിനു നേരെ ഭരണവർഗം കണ്ണടയ്ക്കുകയാണ്. എന്നാൽ വിവിധതരം ചൂഷണങ്ങൾക്ക് വിധേയനായ കർഷകൻ ഇന്ന് തകർച്ചയിലേക്കു നീങ്ങിക്കൊണ്ടിരിക്കയാണ്. അതിനാൽ കാർഷികരംഗത്തെ ജന്മിത്തത്തിൻെറയും നാടുവാഴിത്തത്തിൻെറയും മുതലാളിത്തത്തിൻെറയും ആക്രമണത്തെ ചെറുത്ത് കൃഷിക്കാരെ മോചിപ്പിക്കേണ്ടത് കാലഘട്ടത്തിൻെറ ആവശ്യമാണ്.

## 9 സാമ്രാജ്യത്വത്തിനെതിരെ

മുതലാളിത്തപാതയിൽക്കൂടി ചരിക്കുന്ന ഇന്ത്യ സാമ്രാജ്യത്വരാജ്യങ്ങളെ ആശ്രയിച്ച് കുത്തകതാല്പര്യം സംരക്ഷിക്കുന്നു. സ്വന്തം കാലിൽനിന്നുകൊണ്ടുള്ള വളർച്ചയ്ക്ക് പകരം വിദേശാശ്രയത്തോടെ നീങ്ങുന്ന ഇന്ത്യയെയാണ് നാം കാണുന്നത്. സ്വാതന്ത്ര്യത്തിനുമുമ്പ് ഒരു സാമ്രാജ്യത്വത്തിൻെറ (ബ്രിട്ടൺ) അധീശാധികാരമായിരുന്നു എങ്കിൽ ഇപ്പോൾ സാമ്രാജ്യത്വരാജ്യങ്ങളായ അമേരിക്ക, പശ്ചിമജർമനി, ജപ്പാൻ, ഇററലി, ഫ്റാൻസ്, ബ്രിട്ടൺ എന്നിവയ്ക്കെല്ലാം ഇന്ത്യയിൽ മൂലധനമുണ്ട്. അമേരിക്കയ്ക്ക് മറേറതൊരു ലോകരാഷ്ട്രത്തിൽ നിന്നും ലഭിക്കുന്നതിനേക്കാൾ കൂടുതൽ ലാഭം ഇന്ത്യയിൽനിന്നാണ് ലഭിക്കുന്നത്. സ്വാതന്ത്ര്യം ലഭിക്കുമ്പോളുണ്ടായിരുന്ന വിദേശ മൂലധനത്തിൻെറ നാലിരട്ടിയിലധികം ഇന്നുണ്ട്. വിദേശകടം കുന്നുകൂടിക്കൊണ്ടിരിക്കുന്നു. ബഹുരാഷ്ട്രകോർപറേഷനുകളുടെ പ്രവർത്തനം ഇന്ത്യക്കുള്ളിൽ ശക്തമായിവരുന്നു. ആഭ്യന്തരരംഗത്ത് അട്ടിമറി സംഘടിപ്പിക്കുന്ന സി. ഐ. എയുടെ പാലമായി വർത്തിക്കുന്നതും ബഹുരാഷ്ട്രകോർപറേഷനുകളാണ്. സ്വകാര്യ പൊതുമേഖലാ സംരംഭങ്ങളെല്ലാം സാമ്രാജ്യത്വതാല്പര്യം സംരക്ഷിക്കുന്ന വിധത്തിൽ സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നു. കാർഷികരംഗവും ഇതിൽനിന്ന് മുക്തമല്ല. സാമ്രാജ്യത്വരാജ്യങ്ങളാകട്ടെ, അവർ ചെന്നുപെട്ടിട്ടുള്ള കുഴപ്പങ്ങളിൽനിന്ന് കരകയറാൻ കഴിയാതെ കുഴങ്ങുകയാണ്. അവികസിതരാജ്യങ്ങളുടെ ചെലവിൽ അവർ രക്ഷപ്പെടാൻ ശ്രമിക്കുന്നു. ഇന്ത്യയും ഇത്തരം കുഴപ്പങ്ങളുടെ ഭാരംപേറുന്നു. നമ്മുടെ സമ്പത്ത് വിദേശങ്ങളിലേക്ക് ഒഴുകുന്നു. ഈ ഒഴുക്കുതടയാതെ പുരോഗതി കൈവരിക്കാനാവില്ല. ഇത് രാഷ്ട്രീയസ്വാതന്ത്ര്യത്തെവരെ അപകടകരമായി ബാധിക്കും. അതിനാൽ സാമ്രാജ്യത്വതാൽപര്യത്തിനെതിരെ ഇന്നാട്ടിലെ മുഴുവൻ ജനങ്ങളെയും രംഗത്തിറക്കേണ്ടതുണ്ട്.

ലോകത്തെമ്പാടും നടക്കുന്ന സാമ്രാജ്യത്വവിരുദ്ധപ്രസ്ഥാനങ്ങളോട് അനുഭാവം പ്രകടിപ്പിച്ച് അവയ്ക്ക് നമ്മളാൽ ആകാവുന്ന സഹായം ചെയ്തു കൊടുക്കണം. സാമ്രാജ്യത്വത്തിനെതിരെ നടക്കുന്ന എല്ലാ സമരങ്ങളിലും ഭാഗഭാക്കായി സാമ്രാജ്യത്വവിരുദ്ധകടമ നിറവേററാൻ നമുക്ക് കഴിയണം.

## 10. ബൂർഷ്വാജനാധിപത്യവും നമ്മളും

ജനാധിപത്യവിപ്ലവത്തിൻെറ കടമകൾ പൂർത്തീകരിക്കുന്നതിലൂടെ ജന്മിത്ത-നാടുവാഴിത്ത താല്പര്യവും കുത്തകാധിപത്യവും സാമ്രാജ്യത്വതാൽപര്യവും തകർക്കാൻ കഴിയും. ബൂർഷ്വാ-ഭൂപ്രഭു വർഗതാൽപര്യത്തിനെതിരായ മുഴുവൻ ശക്തികളെയും യോജിപ്പിച്ചുകൊണ്ടുള്ള മുന്നേററത്തിൽ യുവജനങ്ങൾക്ക് നല്ലൊരു പങ്ക് നിർവഹിക്കാനുണ്ടെന്ന് നേരത്തെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ ഭരണാധികാരിവർഗങ്ങൾ അവരുടെ താൽപര്യസംരക്ഷണത്തിനു് ഏതു ഹീനമാർഗങ്ങളും സ്വീകരിക്കും എന്ന കാര്യം മറന്നുകൂടാ. ബൂർഷ്വാ ജനാധിപത്യത്തിൽ അനുവദിച്ചിട്ടുള്ള പരിമിതമായ സ്വാതന്ത്ര്യത്തെയും അവകാശത്തെയും കുറിച്ച് അവർ കൊട്ടിഘോഷിക്കുന്ന അവസരത്തിൽതന്നെ അതെല്ലാം തകർക്കാനും ഫാസിസ്റ്റായി മാറാനും അവർ മടിക്കില്ല. പാർലമെൻററി ജനാധിപത്യത്തിൻെറ ഗുണഗണങ്ങൾ പാടിപ്പുകഴ്ത്തി നടന്ന നമ്മുടേതടക്കമുള്ള ഏഷ്യൻ രാജ്യങ്ങളിൽ അതിനെ തകിടംമറിച്ചതു് കണ്ടുവരാണു് നാം. ഇന്ത്യയിലും സിലോണിലും ആ വ്യവസ്ഥതന്നെ വീണ്ടും നിലനിർത്തുന്നതിനു് അധികാരിവർഗങ്ങൾക്കു് സമ്മതിക്കേണ്ടിവന്നു എന്നതു് ഒരു പ്രത്യേകതയാണു്. ഇന്ത്യയിൽ ബൂർഷ്വാ ജനാധിപത്യത്തിൽ ഫാസിസ്റ്റ്‌വിത്ത് പൊട്ടിമുളച്ചതും വളരാൻ ശ്രമിച്ചതും നാം കണ്ടതാണു്. മനുഷ്യാവകാശങ്ങളെ നിഷേധിച്ചുകൊണ്ടു് ഏകകക്ഷി-ഏകവ്യക്തി അമിതാധികാരം സ്ഥാപിച്ച് വൻകിട ബൂർഷ്വാസിയെ രക്ഷിക്കാൻ ശ്രമിച്ച ഭരണാധികാരിവർഗങ്ങളുടെ താൽപര്യമാണു് ജനങ്ങൾക്കെതിരെ പരസ്യമായി യുദ്ധം പ്രഖ്യാപിച്ചുകൊണ്ടുള്ള ആഭ്യന്തര അടിയന്തരാവസ്ഥ. ആ ഒരു സ്ഥിതിയിൽ നഷ്ടപ്പെട്ട മനുഷ്യാവകാശങ്ങൾ നേടിയെടുക്കുന്നതിനു് ഏതു മാർഗവും നാം സ്വീകരിക്കേണ്ടതുണ്ടു്. ജനാധിപത്യവിപ്ലവത്തിൻെറ കടമകൾ നിർവഹിക്കുന്നതിനു് ബൂർഷ്വാ ജനാധിപത്യത്തിലെ പരിമിതമായ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടു് മുന്നേറുക എന്നതു് നമ്മുടെ ചുമതലയാണു്.

ഇന്നിന്ത്യയിൽ വന്ന ഭരണമാററത്തിനു നമ്മുടെ പ്രസ്ഥാനവും കനത്ത സംഭാവന നൽകിയിട്ടുണ്ടു്. എന്നാൽ ഭരണകൂടത്തിൻെറ വർഗതാല്പര്യത്തിനു മാററമൊന്നുമുണ്ടായിട്ടില്ല. ജനാധിപത്യ വിപ്ലവത്തിൻെറ കടമ പൂർത്തീകരിച്ച് സോഷ്യലിസ്റ്റ്‌സമുദായം എന്ന ലക്ഷ്യത്തിലേക്കു് നാടിനെ നീക്കുന്നതിനു് ഇന്നത്തെ ഭരണാധികാരിവർഗം സഹായിക്കുമെന്ന വ്യാമോഹം നമുക്കില്ല. അതുകൊണ്ടുതന്നെ തൊഴിലാളിവർഗത്തിൻെറ

നേതൃത്വത്തിലുള്ള ഒരു ഭരണകൂടം വന്നാലേ ഇന്ത്യയുടെ പ്രശ്നങ്ങൾ ആത്യന്തികമായി പരിഹരിക്കപ്പെടുകയുള്ളു.

## 11 തൊഴിലവകാശം

ബൂർഷ്വാ ജനാധിപത്യത്തിൽ ജീവിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്നാണല്ലൊ പരക്കെ പ്രചരിപ്പിക്കാറുള്ളത്. എന്നാൽ തൊഴിലില്ലായ്മയും തജ്ജന്യമായ സാമൂഹ്യപ്രശ്നങ്ങളും മററു രീതിയിലുള്ള ചൂഷണസമ്പ്രദായങ്ങളും ജീവിക്കാനുള്ള സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുന്നു എന്നു മനസിലാക്കാൻ വലിയ പാണ്ഡിത്യമൊന്നും ആവശ്യമില്ല. അതിനാൽ തൊഴിലെടുക്കാനുള്ള സ്വാതന്ത്ര്യത്തിനുപകരം എല്ലാവർക്കും തൊഴിൽ കൊടുക്കുവാനുള്ള ഉത്തരവാദിത്വം അധികാരികൾ ഏൽക്കണം. തൊഴിലവകാശം ഭരണഘടനയിൽ മൗലികാവകാശമായി ഉൾപ്പെടുത്തണം. തൊഴിൽ ലഭിക്കുന്നതുവരെ ജീവിക്കുന്നതിനാവശ്യമായ സംവിധാനമേർപ്പെടുത്താനുള്ള ഉത്തരവാദിത്വം സർക്കാർ ഏറെറടുക്കണം.

## 12 സാംസ്കാരിക വിദ്യാഭ്യാസരംഗം

ഇന്നത്തെ സാമൂഹ്യവ്യവസ്ഥക്കു് കോട്ടം തട്ടാതിരിക്കുന്നതിനും അതിനെ നിലനിർത്തുന്നതിനും വേണ്ടി സാംസ്കാരികരംഗവും സാമൂഹ്യബന്ധങ്ങളും സമർത്ഥമായി ഉപയോഗിക്കുന്നതിൽ ഭരണവർഗം ഒട്ടും പിന്നോട്ടല്ല. മർദനോപകരണമായ ഭരണകൂടത്തെ ഇതിനുവേണ്ടി ഉപയോഗിക്കുമ്പോൾതന്നെ അതൊന്നും പ്രത്യക്ഷത്തിൽ മനസിലാകാതിരിക്കുന്നതിനുവേണ്ടി കലാ-സാംസ്കാരികാന്തരീക്ഷവും സാമൂഹ്യബന്ധങ്ങളും പ്രത്യേകരീതിയിൽ നിലനിർത്തിയിരിക്കുകയാണ്. ഈ രംഗങ്ങളിലും നശിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യവ്യവസ്ഥയുടെ താല്പര്യങ്ങളാണ് ആധിപത്യം വഹിക്കുന്നതു്. മതങ്ങളും ജാതികളും ഉയർത്തിവിട്ടിട്ടുള്ള വിശ്വാസങ്ങളും അനാചാരങ്ങളും മുതലാളിത്തത്തിൻെറ ദുഷിച്ച ആശയഗതികളും സാമ്രാജ്യത്വതാല്പര്യവും എല്ലാം ഇവിടെ പരിരക്ഷിക്കാനുള്ള സംവിധാനത്തിൻെറ ഭാഗമായാണ് വിദ്യാഭ്യാസ-കലാസാംസ്കാരിക മേഖലകളെ ഭരണകൂടം പ്രയോജനപ്പെടുത്തിവരുന്നതു്. സെക്കൻെററി വിദ്യാഭ്യാസം സൗജന്യവും സാർവത്രികവുമാക്കണം. ഉപരിവിദ്യാഭ്യാസം നാടിൻെറ പുരോഗതിക്കു് ആധാരമായ വിധത്തിൽ പുനഃസംവിധാനം ചെയ്യണം. നമ്മുടെ ബുദ്ധിജീവികളെ കയററിഅയക്കുന്നതിനു പകരം ഇന്നാട്ടിൻെറ പുരോഗതിയെ ലാക്കാക്കി അവരുടെ സേവനം ഇവിടെ ഉപയോഗപ്പെടുത്തണം. നാടിൻെറ വളർച്ചയെ ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസ സംവിധാനം ഏർപ്പെടുത്തണം. നാം ഇതിനെല്ലാം വേണ്ടി നിലകൊള്ളുന്നു.

## 13 നിരക്ഷരതാനിർമാർജനം

നമ്മുടെ വിദ്യാഭ്യാസസമ്പ്രദായംപോലും കുത്തക മുതലാളിത്തത്തിനു് വളരാനുള്ള സൗകര്യത്തോടെയാണ് സംവിധാനം ചെയ്തിരിക്കുന്നത്. ഭൂരിപക്ഷത്തിനും ഗുണംചെയ്യുന്ന മാററങ്ങളൊന്നും ഈ രംഗത്തു് കാണുന്നില്ല. വിദ്യാഭ്യാസവും ജീവിതവുമായി ബന്ധമില്ല. സാർവത്രിക

വിദ്യാഭ്യാസം നൽകുന്നതിനു നമ്മുടെ നാട്ടിനു് കഴിഞ്ഞിട്ടില്ല. നിരക്ഷരതയുടെ കാര്യത്തിൽ ഒന്നാംസ്ഥാനമാണു് ഇന്ത്യക്കുള്ളതു്. ജനങ്ങളിൽ 72 ശതമാനം പേരും നിരക്ഷരരായി നിൽക്കുന്നു. കേരളത്തിൽ അതു് 40 ശതമാനം ആണു്. ഇന്ത്യ സ്വാതന്ത്ര്യമായതിനുശേഷം സ്വാതന്ത്ര്യം ലഭിച്ച 82 കോടി ജനങ്ങൾ അധിവസിക്കുന്ന ചൈന നിരക്ഷരത നിർമാർജനം ചെയ്തിരിക്കുന്നു. ഈ അടുത്ത കാലത്തുമാത്രം സ്വാതന്ത്ര്യം ലഭിച്ച വിയത്നാം ഈ വെല്ലുവിളിയെ നേരിട്ടിരിക്കുന്നു. ജനങ്ങൾ ബോധമുള്ളവരായാൽ ഭരണവർഗത്തിനതൊരാപത്താണെന്നതിനാലാണു് അക്ഷരാഭ്യാസത്തിന്റെ കാര്യത്തിൽപോലും ഇത്ര നിന്ദ്യമായ ഒരു സമീപനം അധികാരികൾ കൈക്കൊണ്ടതു്. ഭരണവർഗത്തിന്റെ ഈ നയത്തെ തുറന്നു കാണിക്കുന്നതിനോടൊപ്പം നിരക്ഷരതാനിർമാർജനത്തിനായി മാതൃകാപരമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ യുവജനങ്ങളായ നാം പ്രതിജ്ഞാബദ്ധരാണു്. ഇതിനും പുറമെ ജനങ്ങളുടെ ബോധനിലവാരം ഉയർത്തുന്നതിനു് വായനശാലകളും ഗ്രന്ഥശാലകളും ജനങ്ങൾക്കു് പ്രയോജനപ്രദമായ രീതിയിൽ സംഘടിപ്പിക്കാൻ നാം തയ്യാറാവണം. അത്തരം സാംസ്കാരിക സ്ഥാപനങ്ങളുടെ നിലനില്പിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതും നമ്മുടെ കടമതന്നെ.

## 14 വിദ്യാഭ്യാസരംഗത്തെ സാമ്രാജ്യത്വതാൽപര്യം

മുതലാളിത്ത—പ്രാങ്ങ് മുതലാളിത്ത താൽപര്യങ്ങൾക്കും സാമ്രാജ്യത്വതാല്പര്യത്തിനും സംരക്ഷണം നൽകുന്ന വിധത്തിലാണു് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം. ഈ രംഗത്തു് സാമ്രാജ്യത്വം നേരിട്ടുതന്നെ ഇടപെടുന്നുണ്ടു്. സി. ഐ. എ യുടെ പ്രവർത്തനവും നമ്മുടെ വിദ്യാഭ്യാസരംഗത്തു് കാണാം. വിവിധ ഫൗണ്ടേഷനുകൾ സാമ്രാജ്യത്വതാല്പര്യം സംരക്ഷിക്കുന്നു. പി. എൽ. 480 അനുസരിച്ചുള്ള അമേരിക്കൻ പണം ഇതേ ആവശ്യത്തിനു് ഇവിടെ ഉപയോഗിക്കുന്നു. പുരോഗമനപരമായ ആശയങ്ങളെ അവഹേളിക്കുന്നതിനും വസ്തുതകൾക്കു് വിരുദ്ധമായി ചിന്തിപ്പിക്കുന്നതിനും സാമ്രാജ്യത്വതാല്പര്യങ്ങളെ പട്ടിൽപൊതിഞ്ഞു് അവതരിപ്പിക്കുന്നതിനുമെല്ലാം വിദ്യാഭ്യാസരംഗമാണു് സാമ്രാജ്യത്വം തെരഞ്ഞെടുത്തിരിക്കുന്നതു്. അതിനാൽ നമ്മുടെ വിദ്യാഭ്യാസമണ്ഡലത്തിലുള്ള സാമ്രാജ്യത്വനുഴഞ്ഞുകയററത്തെ സർവശക്തിയുമുപയോഗിച്ചു് നേരിടണം.

## 15 കലാ-സാംസ്കാരിക രംഗത്തെ സൃഷ്ടിപരമായ പ്രവർത്തനങ്ങൾ

പാശ്ചാത്യ മുതലാളിത്ത നാടുകളിലെ സാംസ്കാരിക വൈകൃതങ്ങൾ നമ്മുടെ നാട്ടിൽ കടത്തിവിട്ടു് സാമൂഹ്യജീവിതത്തിനെതിരെ ഭീഷണികളുയർത്തുന്നതിനുള്ള ബോധപൂർവമായ ശ്രമങ്ങൾ നമ്മുടെ കലാ-സാംസ്കാരിക രംഗത്തു് നടക്കുന്നുണ്ടു്. ലൈംഗിക അരാജകത്വത്തിലേക്കും ലഹരിയിൽ മുഴുകിയ ജീവിത അധഃപതനത്തിലേക്കും മനുഷ്യനെ

കൊണ്ടുചെന്നെത്തിക്കും എന്ന നിലയിൽ ഇതു് ചിലപ്പോൾ പ്രത്യക്ഷപ്പെടുന്നു. ജീവിതത്തോടു് ആഭിമുഖ്യം ഉണ്ടാകരുതെന്നും മരണമാണു് സത്യമെന്നും വാദിക്കുന്നു. കാലഹരണപ്പെട്ട വ്യവസ്ഥയെ കുഴിച്ചുമൂടുവാനുള്ള കർമശക്തിയെ ചൈതന്യമററതാക്കിത്തീർക്കുക എന്നതാണു് ഇതിന്റെ ഗൂഢോദ്ദേശം. ബൂർഷ്വാ-ഭൂപ്രഭു വർഗഭരണത്തിലുള്ള അസ്വാതന്ത്ര്യത്തെയും മനുഷ്യത്വരാഹിത്യത്തെയും പററി യുവജനങ്ങൾ ബോധവാന്മാരാകുന്നതിനെ തടഞ്ഞു് അവരുടെ വർഗഭരണത്തിനെതിരെ വരുന്ന വെല്ലുവിളികളെ തകർത്തുകൊണ്ടു് സമൂഹത്തെ അടക്കിഭരിക്കുക എന്ന താല്പര്യം ഇതിന്റെ പിന്നിലുണ്ടു്. ഈ വ്യവസ്ഥക്കെതിരെ നിൽക്കുന്നവരുടെ ശക്തിയും ആത്മവിശ്വാസവും ചോർത്തിക്കളയുക എന്നതും ഈ മദ്യ-രതി-മരണ സാഹിത്യത്തിന്റെ ലക്ഷ്യമാണു്.

അതിനാൽ വളരാനും വികസിക്കാനും വെമ്പൽകൊള്ളുന്നൊരു യുവജനപ്രസ്ഥാനം എന്ന നിലയിൽ ഇത്തരം പ്രവണതകളോടും ആശയങ്ങളോടും സന്ധിയില്ലാത്ത സമരംചെയ്യുക എന്നതു് നമ്മുടെ കടമയാണു്. ആശയപ്രചാരണം കൊണ്ടുമാത്രം ഇതിനെ അതിജീവിക്കാൻ കഴിയുകയില്ല. വ്യക്തികൾക്കു് സമൂഹത്തോടും തന്നോടുതന്നെയും ബന്ധമില്ലെന്നും മിഥ്യയായ ജീവിതംവെടിഞ്ഞു സത്യമായ മരണത്തെ ഉപവസിക്കാൻ പ്രേരണ നൽകുന്ന ശക്തവും സമർഥവുമായ കലാരൂപങ്ങൾ സാഹിത്യത്തിലും അല്ലാതെയും നാം കാണുന്നു. ഇവരുടെ ആവിഷ്കരണനിപുണത ആരെയും ആകർഷിക്കാൻ പോന്നതും അതിനാൽ യുവജനങ്ങളെ വഴിപിഴപ്പിക്കാൻ പ്രാപ്തവുമാണു്. ഈ ദൂഷിതവലയത്തിൽനിന്നു് യുവജനങ്ങളെ മോചിപ്പിക്കാൻ അതിന്റെ ദൂഷ്യവശങ്ങൾ എടുത്തു പറയുന്നതിനോടൊപ്പം ഈ രംഗത്തു് സോദ്ദേശ കലാസൃഷ്ടികൾ നടത്തുന്നതിനു കരുത്തുള്ള സർഗധനന്മാർക്കു് അർഹമായ പ്രോത്സാഹനം നൽകി അവരെ ഉയർത്തിക്കൊണ്ടുവരേണ്ടതും നമ്മുടെ കടമയാണു്. വളരുന്ന വ്യവസ്ഥയിൽ വിശ്വാസം അർപ്പിച്ചുകൊണ്ടു് തകരുന്ന വ്യവസ്ഥയെ കഴിയുന്നത്രവേഗം നാമാവശേഷമാക്കുവാൻ സഹായകരമായിരിക്കണം അത്തരം സൃഷ്ടികൾ. രതിവൈകൃതങ്ങളുടെയും ലഹരിപദാർഥങ്ങളുടെയും ആനന്ദത്തിലും മോഹഭംഗമെന്ന ആശയത്തിലും മൃത്യുപാസനയിലും നീന്തിത്തുടിക്കുന്നതിനുപകരം ഉദാത്തമായ ഒരു മനുഷ്യസംസ്കാരത്തിനുവേണ്ടി നിൽക്കുന്നതും ജീവിതാഭിമുഖ്യവുമുള്ള ഒരു വീക്ഷണത്തോടുകൂടിയതുമായ കലാസൃഷ്ടികൾക്കു് ജന്മംനൽകുന്ന സർഗധനന്മാരെ സമൂഹത്തിൽ വിലമതിച്ചവരായി ഉയർത്തിക്കൊണ്ടു വരുന്നതിനു് നാം ശ്രമിക്കണം. തൊഴിലെടുക്കുന്നതിൽ അന്തസ്സും, തൊഴിലെടുക്കുന്നവരോടു ബഹുമാനവും ഈ കലാകാരന്മാരിൽ ഉളവാകാൻ ഉതകുന്ന അന്തരീക്ഷം നാം ഉയർത്തണം.

## 16 കായികരംഗം

കലാ-സാംസ്കാരിക രംഗത്തെ പ്രവർത്തനംപോലെ തന്നെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണു് കായികരംഗം. ഊർജസ്വലരായ യുവതല

മുറയെ വാർത്തെടുക്കുന്നതിനു് കായികരംഗത്തു് നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മററു രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോാം ഇന്ത്യയുടെ കായികപരമായ കഴിവു് പരിതാപകരമാണു്. കായികരംഗത്തു് കഴിവുള്ളവരെ വളർത്തിക്കൊണ്ടുവരാൻ ഭരണാധികാരികാംക്കു് താല്പര്യമില്ല. അർഹിക്കുന്നവർക്കു് അംഗീകാരം വാങ്ങിക്കൊടുക്കുന്നതിനു് നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കായികരംഗത്തു് ആരോഗ്യപരമായ മത്സരങ്ങാം സൃഷ്ടിച്ചുകൊണ്ടു് പ്രോത്സാഹനമർഹിക്കുന്നവരെ മുന്നോട്ടു കൊണ്ടുവരികയെന്ന കാഴ്ചപ്പാടോടെ നാം ഈ രംഗത്തു നീങ്ങണം. അതു നമ്മുടെ കടമയായിരിക്കണം.

## 17 അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ

ഇന്ത്യൻ ജനതയെ ജാതിയുടെയും മതത്തിൻെറയും പ്രാദേശികതയുടെയും പേരിൽ തമ്മിൽ ഭിന്നിപ്പിക്കുന്നതിനെ നാം തുറന്നുകാണിച്ചു് യുവജനഐക്യം വളർത്തണം. കേരളത്തിലെ ഈ ചുമതലയാണു് നമുക്കു നിർവഹിക്കാനുള്ളതു്. മതമേധാവികാംക്കും അവർ പരത്തിവിടുന്ന അന്ധവിശ്വാസങ്ങാംക്കുമെതിരായി നാം ശക്തമായി പോരാടേണ്ടിയിരിക്കുന്നു. നശിക്കേണ്ട സാമൂഹ്യവ്യവസ്ഥിതിയുടെ അവശിഷ്ടങ്ങളെ തുത്തെറിയുന്നതിന്നിതാവശ്യമാണു്. അന്ധവിശ്വാസങ്ങാം മനുഷ്യപുരോഗതിയുടെ മുന്നിൽ വിലങ്ങടിച്ചു നിൽക്കുന്നു. അതിനാൽ അത്തരം വിശ്വാസങ്ങളുടെ പൊള്ളത്തരം തുറന്നുകാണിക്കണം. അന്ധവിശ്വാസങ്ങളോടൊപ്പം അനാചാരങ്ങളെയും നേരിടാൻ നമുക്കു കഴിയണം. അന്ധവിശ്വാസങ്ങാംക്കും അനാചാരങ്ങാംക്കും അടിമപ്പെട്ടവരെല്ലാം നമ്മുടെ ശത്രുക്കളാണെന്ന നിഗമനത്തോടെ നീങ്ങുന്നതു് കൂടുതൽ അപകടം ക്ഷണിച്ചുവരുത്തും. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും പെട്ടവർക്കും അല്ലാത്തവർക്കും ഒരേവിധത്തിലുള്ള ജീവിതപ്രയാസങ്ങാം നേരിടാനുണ്ടാകും. അത്തരം സന്ദർഭങ്ങളിൽ അവരുമായി ഒത്തൊരുമിച്ചു് ജീവിതബുദ്ധിമുട്ടുകളെ നേരിടുന്നതിനു ശ്രമിച്ചുകൊണ്ടു് ആശയരംഗത്തു് സന്ധിയില്ലാത്ത സമരംനടത്തി അവരെയും തെററായ വിശ്വാസങ്ങളിൽ നിന്നും ആചാരങ്ങളിൽനിന്നും രക്ഷിച്ചെടുക്കണം. ശാസ്ത്രീയബോധം ജനങ്ങളിൽ ജനിപ്പിക്കുന്നതിൽ നാം ജാഗരൂകരായിരിക്കണം. ശാസ്ത്രത്തിൻെറ നിരന്തരപ്രചാരകരായി അനാചാരങ്ങളെയും അവിശ്വാസങ്ങളെയും എതിർക്കാൻ കഴിയണം. അന്ധവിശ്വാസത്തിലും അനാചാരത്തിലും സമൂഹം ആണ്ടുകിടക്കേണ്ടതു് സ്ഥാപിതതാല്പര്യക്കാരുടെ ആവശ്യമാണു്. അതു് മനസിലാക്കി നാം പ്രവർത്തനം സംഘടിപ്പിക്കണം.

## 18 ജാതിവ്യവസ്ഥ

മതവിശ്വാസങ്ങളും സ്ഥാപനങ്ങളും ലോകത്തു മുഴുവനുണ്ടെങ്കിലും ജാതിമേധാവിത്വം ഇന്ത്യയിൽ മാത്രമേ കാണുന്നുള്ളു. മതവിശ്വാസങ്ങളും

മതസ്ഥാപനങ്ങളും അവയ്ക്കു ജന്മംനൽകിയ സാമൂഹ്യ-സാമ്പത്തിക സാഹചര്യം നിലനിൽക്കുന്ന കാലത്തോളം നിലനിൽക്കും. അതിനാൽ അതു് തകർക്കേണ്ടതു് പുരോഗതിക്കാവശ്യമാണ്. മതവിശ്വാസങ്ങളും മതസ്ഥാപനങ്ങളും ബൂർഷ്വാവ്യവസ്ഥക്കെതിരായിരുന്നില്ല. എന്നാൽ ജാതി അതല്ല. ജാതിവ്യവസ്ഥ ഇന്നും ഇവിടെ നിലനിൽക്കുന്നു. ഇവിടെ ജാതിവിശ്വാസവും മതവിശ്വാസവും കൂടിപ്പിണഞ്ഞിരിക്കുന്നു. ജാതിസമ്പ്രദായത്തിന്നെതിരെ ശക്തമായ നീക്കം നമ്മിൽനിന്നുണ്ടാകണം. ജാതിസമ്പ്രദായങ്ങളുടെ അവശിഷ്ടങ്ങൾക്കെതിരായും ജനിച്ച ജാതി ഏതെന്നു് നോക്കാതെയും രാജ്യത്തിലുള്ള എല്ലാ പൗരന്മാരുടെയും പൂർണ്ണ സമത്വത്തിനുവേണ്ടിയും നവീകരണ പ്രക്രിയകളിൽ നടക്കുന്ന അസമമായ വളർച്ചയ്ക്കെതിരായി നാം പ്രവർത്തിക്കണം. ഇതിനായി എല്ലാ ജാതികളിലുംപെട്ടവരെ ഒരേപോലെ അണിനിരത്താൻ നമുക്കു കഴിയണം.

## 19 തെററായ ആശയഗതികൾക്കെതിരെ

പ്രത്യയശാസ്ത്രരംഗത്തെ തെററായ പ്രവണതകൾക്കും ആശയഗതികൾക്കും എതിരായി നിൽക്കുന്നതിനു നമുക്കു ചുമതലയുണ്ടു്. ഒരു സംഘടനയും കൂടാതെ, യാതൊരു നേതൃത്വവും സ്വീകരിക്കാതെ ഏതാനും യുവസാഹസികന്മാർ ആത്മാർത്ഥമായി വിചാരിച്ചൊരുമ്പെട്ടാൽ ഇന്നത്തെ വ്യവസ്ഥയെ അപ്പാടെ മാററാം എന്നു വാദിക്കുന്നവരുണ്ടു്. ചിലരാകട്ടെ, മററു രാജ്യങ്ങളിലെ അനുഭവം അതേപടി ഇവിടെ പകർത്തിയാൽ മാററമുണ്ടാക്കാമെന്നു കരുതി സാഹസകൃത്യങ്ങളിൽ വ്യാപൃതരാകുന്നു. ഇതെല്ലാം നിലനിൽക്കുന്ന വ്യവസ്ഥയെ വെല്ലുവിളിക്കുന്ന ശക്തികളെ തളർത്താനേ സഹായിക്കൂ. അതിനാൽ ഈ കാഴ്ചപ്പാടുകളെ വിട്ടുവീഴ്ചയില്ലാതെ എതിർക്കേണ്ടിയിരിക്കുന്നു. വിപ്ലവം ഒരു ഇറക്കുമതിച്ചരക്കല്ല. ഈ നാടിന്റെ വസ്തുനിഷ്ഠസാഹചര്യത്തിനനുസരിച്ചു് ഇവിടത്തെ ജനങ്ങൾതന്നെ ജനാധിപത്യവിപ്ലവത്തിന്റെ കടമകൾ പൂർത്തീകരിക്കണം. ഇതാണു് നമ്മുടെ കാഴ്ചപ്പാടു്. സാമ്രാജ്യത്വത്തിനും മുതലാളിത്തത്തിനും എതിരായി നടക്കുന്ന എല്ലാ സമരങ്ങളിലും നമുക്കു താല്പര്യമുണ്ടു്. ഇന്നു നടക്കുന്ന സാമ്രാജ്യത്വ—മുതലാളിത്ത വിരുദ്ധ സമരങ്ങളിൽ ശാസ്ത്രീയ സോഷ്യലിസത്തിന്റെ സാർവദേശീയ വീക്ഷണത്തോടെ സോഷ്യലിസ്റ്റ്നാടുകൾ അവനവന്റെ പങ്കു് വഹിക്കണം. അടുത്ത കാലത്തു് അംഗോളയുടെ ആഭ്യന്തരരംഗത്തു് സാമ്രാജ്യത്വം നടത്തിയ ഇടപെടലിന്നെതിരെ ക്യൂബ നൽകിയ സഹായം സോഷ്യലിസ്റ്റ്നാടുകൾക്കു് ഈ കാലഘട്ടത്തിൽ ഈ രംഗത്തു നിർവഹിക്കാനുള്ള ചുമതല വ്യക്തമാക്കുന്നു.

പാശ്ചാത്യ നാടുകളിൽ കൊട്ടിഘോഷിക്കപ്പെട്ടിരുന്നതും വിദ്യാഭ്യാസമുള്ള യുവജനങ്ങളിൽ പ്രചാരം ഉണ്ടായിരുന്നതുമായ ഒരു പ്രസ്ഥാനമാണു് പുത്തൻ ഇടതുപക്ഷപ്രസ്ഥാനം. (New left movement) ഇതിന്റെ

ആയുസ്സുററതായിട്ടാണ് കാണുന്നത്. ആശയരംഗത്തു് വലിയ അപകടം ഇത് വരുത്തിവെക്കും. അതിന്റെ സ്വാധീനം അപ്പാടെ പോയിട്ടില്ലതാനും. ഈ പ്രസ്ഥാനം യുവജനങ്ങളിൽ അവസാനം നിസ്സഹായതാബോധമുണ്ടാക്കി തകർക്കേണ്ടതിനെ തകർക്കാനുള്ള ശക്തി ചോർത്തിക്കളയുന്നു. ഈ പ്രസ്ഥാനത്തിൽ വരുന്നവർ ഏറിയകൂറും സാമ്രാജ്യത്വത്തിനെതിരായും ദേശീയ വിമോചനപ്രസ്ഥാനങ്ങൾക്കനുകൂലമായും ചൂഷണവ്യവസ്ഥക്കെതിരായും നീങ്ങുന്ന യുവജനങ്ങളാണ്. മുതലാളിത്തവ്യവസ്ഥയോടുള്ള അഭ്യസ്തവിദ്യരുടെ പ്രതിഷേധം ഇവരുടെ പ്രവർത്തനങ്ങളിൽ കാണാം. വർഗവ്യത്യാസം നിലനിൽക്കുന്ന നമ്മുടേതുപോലുള്ള സാമൂഹ്യവ്യവസ്ഥിതിയിൽ നിലനിൽക്കുന്ന വർഗാധിപത്യം തകർക്കുന്നതിന് തൊഴിലാളിവർഗത്തിന്റെ നേതൃത്വം അനിവാര്യമാണെന്ന ശാസ്ത്രീയതത്വത്തെ ഇവർ നിരാകരിക്കുന്നു. ഒരുപിടി ബുദ്ധിജീവികളായ യുവാക്കൾ ആത്മാർത്ഥത നിറഞ്ഞ ഇച്ഛാശക്തിയോടെ ഇറങ്ങിത്തിരിച്ചാൽ വർഗാധിപത്യം തകർക്കുവാൻ കഴിയും എന്നാണിവർ കരുതുന്നതു്. ഇതിലേർപ്പെടുന്നവർ പ്രകടിപ്പിക്കുന്ന ത്യാഗമനോഭാവംകൊണ്ടും മാററത്തിനുവേണ്ടിയുള്ള അവരുടെ ആഗ്രഹംകൊണ്ടും യുവജനങ്ങൾക്ക് ഇത്തരം പ്രവർത്തനങ്ങൾ ആകർഷകമായി തോന്നാം. വ്യവസ്ഥിതി മാററുന്നതിനുള്ള ജനങ്ങളുടെ പങ്ക് കുറച്ചു കണ്ടുകൊണ്ട് വർഗബന്ധങ്ങളിലെ പ്രത്യേകത ശ്രദ്ധിക്കാതെ ഇങ്ങനെ പ്രവർത്തിക്കുന്നതു് തകരേണ്ട വ്യവസ്ഥയെ കുറെനാളത്തേക്കുകൂടി താങ്ങിനിറുത്താനേ സഹായിക്കൂ. അതിനാൽ ഈ ആശയത്തെയും പ്രവർത്തനരീതിയെയും നമ്മൾ നിരാകരിക്കുന്നു.

ജനാധിപത്യവിപ്ലവം കൈവരിക്കണമെങ്കിൽ ആശയരംഗത്തെക്കുറിച്ചു തികച്ചും വ്യക്തമായ ധാരണ നമുക്കുണ്ടാകണം. വർഗവ്യത്യാസം നിലനിൽക്കുന്ന വ്യവസ്ഥയിൽ വർഗസഹകരണത്തിന്റേതായ തിരുത്തൽവാദത്തിന് ഇടം കൊടുത്തുകൂടാ. ആ രീതിയിൽ യുവജനപ്രസ്ഥാനത്തെ നയിച്ചാൽ ആ പ്രസ്ഥാനം ഭരണാധികാരി വർഗത്തിന്റെ ഒരു അനുബന്ധമായിത്തീരും. അവർക്കടിമപ്പെട്ടിരിക്കും. ഇതിന്റെ പ്രത്യക്ഷോദാഹരണമാണ് കോൺഗ്രസ് ഭരണത്തിലെ പുരോഗമനവാദികളുമായി ഐക്യത്തിനു പോയവർ അടിയന്തരാവസ്ഥക്കാലത്തു് 'ഇരുപതിന പരിപാടി'കളുടെ പ്രചാരകരായി മാറിയതു്. അടിയന്തരാവസ്ഥയിലെ ഭീകരതകൾക്കെതിരായി യാതൊന്നും ചെയ്യാനാവാതെ ശത്രുവർഗത്തിനു വിടുപണി ചെയ്യുക എന്ന ഗതികേടിലാണ് റിവിഷനിസം വർഗസഹകരണവാദികളെ കൊണ്ടെത്തിച്ചതു്. അതിനാൽ തൊഴിലാളിവർഗചിന്താഗതിയിൽ അന്യവർഗ ചിന്താഗതി കടത്തിവിടാൻ ശ്രമിക്കുന്നവരോടും ആശയത്തോടും നമുക്കൊരിക്കലും യോജിക്കാനാവില്ല.

സാംസ്കാരികരംഗത്തു് പ്രവർത്തനം നീക്കുന്നതു് കരുതലോടെ ആയിരിക്കണം. പാരമ്പര്യത്തിൽ ഊററംകൊണ്ട് എന്തിനെയും ന്യായീകരിക്കാൻ വെമ്പൽ കാണിക്കുന്ന അപകടകരമായ ഒരു പ്രവണത

ഉൾക്കൊള്ളുന്ന ഒരു പാരമ്പര്യമാണ് നമുക്കുള്ളതെന്നും മനുഷ്യസമൂഹത്തിൻെറ ഇന്നുവരെയുള്ള വളർച്ച നൂററാണ്ടിനു മുൻപുതന്നെ നാം കൈവരിച്ചിരുന്നുവെന്നും വാദിച്ചുകൊണ്ടിരിക്കുന്നു. പാരമ്പര്യാർജിതമായതെല്ലാം കൊള്ളരുതായ്മ എന്നാണെന്ന് നാം ഒരിക്കലും പറയില്ല. ഏതു കാലവും അതിൻെറ സ്വഭാവം കാണിക്കും. വളർച്ചയെന്നാൽ അർഥമാക്കുന്നതു് കെട്ടിക്കിടപ്പെന്നല്ല. ഇതു് സാംസ്കാരികരംഗത്തിനും എല്ലാത്തിനും ബാധകമാണു്. ജാതി-മത-സമുദായ-ഗോത്രവംശാദികൾ ഉൾക്കൊള്ളുന്ന പ്രാങ് മുതലാളിത്ത സംസ്കാരമാണ് നമ്മെ പാടിക്കേൾപ്പിക്കുന്ന ആർഷ ഭാരതസംസ്കാരവും മററും. നമ്മുടെ ജീവിതത്തിൽ മാററം ഉണ്ടാകണമെങ്കിൽ ഈ സംസ്കാരത്തെക്കുറിച്ചു് വ്യക്തമായ ബോധം നമുക്കുണ്ടാകണം. ഈ സംസ്കാരത്തിൻെറ ദുഷ്യവശങ്ങളെ കലവറകൂടാതെ എതിർക്കാൻ നമുക്കു് കഴിയണം. തകർക്കേണ്ടതിനെയും നശിപ്പിക്കേണ്ടതിനെയും എല്ലാം തകർക്കുകയും നശിപ്പിക്കുകയും വേണം. ഇതുപയോഗിച്ചു് നിലവിലുള്ള എല്ലാററിനേയും അട്ടിമറിക്കുക എന്ന അത്യന്താധുനികരെന്ന പേരിൽ അറിയപ്പെടുന്നവരുടെ അഭിപ്രായത്തെ നമുക്കംഗീകരിക്കാൻ സാധ്യമല്ല. ആധുനികതയുടെ പേരിൽ എല്ലാ സംസ്കാരത്തെയും ഇവർ തള്ളിപ്പറയുന്നു; കൂട്ടത്തിൽ വളർന്നുവരുന്ന തൊഴിലാളിവർഗ സംസ്കാരത്തെയും. എല്ലാം മോശമാണെന്ന നിഗമനത്തിലെത്തിച്ചു്, എന്നാൽ ഇന്നുള്ളതുതന്നെ നിലനിൽക്കട്ടെ എന്ന ചിന്താഗതിയിലേക്കു് എത്തിക്കുന്നു. അതുപോലെ വ്യക്തിക്കു് സാമൂഹ്യബന്ധങ്ങളില്ലെന്ന വീക്ഷണമാണു് ഇവർ കൈക്കൊള്ളുന്നതു്. ഇതു് മുതലാളിത്തത്തിനു വേണ്ടിയുള്ള വാദമല്ലാതെ മറെറാന്നുമല്ല. പ്രാങ് മുതലാളിത്തത്തിനും സംസ്കാരത്തിനും എതിരാണീ പോക്കു്. പക്ഷെ, സംഘടിത പ്രസ്ഥാനത്തിനെതിരായ ഈ ആശയഗതിയെ നാം ഗൗരവത്തോടെ എതിരിടണം.

## 20 മററു ബഹുജനപ്രസ്ഥാനവുമായുള്ള ബന്ധം

യുവജനങ്ങൾ ഇന്നനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ മാറണമെങ്കിൽ മേൽപ്രസ്താവിച്ച വിധത്തിൽ നീങ്ങാൻ കഴിയണം. എന്നാൽ സമൂഹത്തിൽ ഒററപ്പെട്ടുനിൽക്കുന്ന ഒരു വിഭാഗമായി യുവജനങ്ങളെ കാണരുതു്. സമൂഹത്തിലെ മററുള്ളവരുമായുള്ള ബന്ധം മനസിലാക്കണം. തൊഴിലാളികൾ നടത്തുന്ന അവകാശസമരങ്ങൾ ശ്രദ്ധിക്കണം. തൊഴിലാളികളിൽ യുവജനങ്ങൾ ഉണ്ടെന്നുള്ളതുകൊണ്ടു് മാത്രമല്ല ഇങ്ങനെ ശ്രദ്ധിക്കേണ്ടതു്. തൊഴിലാളികളുടെ അവകാശസമരങ്ങൾ ജയിക്കേണ്ടതു് യുവതലമുറയുടെ ഇന്നത്തെ സ്ഥിതിക്കു് ഒരു മാററമുണ്ടാകുന്നതിനു് സഹായകരമായിരിക്കും. അതുപോലെ കൃഷിക്കാർ നടത്തുന്ന അവകാശസമരങ്ങളുടെ വിജയവും യുവജനങ്ങൾക്കു് മുന്നേറാൻ സഹായിക്കും. സർക്കാർ ജീവനക്കാരുൾപ്പെടെയുള്ളവർ നടത്തുന്ന പോരാട്ടങ്ങളിൽ ഈ തലമുറയ്ക്കു് താല്പര്യമുണ്ടു്. വിദ്യാർഥികൾ യുവജനസമൂഹത്തിലെ ശ്രദ്ധേയമായ വിഭാഗമാണു്. വിദ്യാർഥികൾ എന്ന നിലയിൽതന്നെ അവരുടെ അവ

കാശസമരങ്ങൾ നടത്തുന്നതിനും സാമൂഹ്യമാററങ്ങളിൽ അവരുടെ പങ്കു നിർവഹിക്കുന്നതിനും അവരുടേതായ ഒരു പുരോഗമനപ്രസ്ഥാനം അനിവാര്യമാണ്. അതിനാൽ കരുത്തുററ ഒരു പുരോഗമന വിദ്യാർഥി പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിന് നമ്മളാലാവുന്ന കഴിവു മുഴുവൻ നാം പ്രയോഗിക്കണം. ആ പ്രസ്ഥാനത്തിനു സഹായകമായി നാം നിൽക്കണം. അങ്ങനെ ബഹുജനപ്രസ്ഥാനങ്ങളുമായിട്ടുള്ള ഐക്യം ഊട്ടി വളർത്തി നമ്മുടെ ലക്ഷ്യസാക്ഷാത്ക്കാരത്തിനായി പ്രവർത്തിക്കണം.

## 21 മററ് രംഗങ്ങൾ

നമ്മുടെ പ്രസ്ഥാനം പ്രാദേശിക-ദേശീയ ആവശ്യങ്ങൾ ഉന്നയിക്കുന്നതിനും പരിഹാരം കാണുന്നതിനും വിമുഖത കാണിക്കരുത്. അതാതിടത്തെ ആവശ്യങ്ങൾക്കനുസരിച്ച് ഉയരാൻ നമുക്കു കഴിയണം. കേരള-കേന്ദ്രഗവണ്മെൻറുകളുടെ കാലാകാലങ്ങളിലുള്ള നീക്കങ്ങൾ ജനങ്ങൾക്കെതിരായി വരുമ്പോൾ നമ്മുടെ സംഘടിതശക്തികൊണ്ട് അതിനെ ചെറുക്കാൻ കഴിയണം. അതുപോലെതന്നെ ജീവകാരുണ്യപരമായ പ്രവർത്തനങ്ങളിൽ നാം പങ്കെടുക്കണം.

## 22 മററു യുവജനപ്രസ്ഥാനങ്ങൾ

മററു യുവജനപ്രസ്ഥാനങ്ങളുടെ പ്രവർത്തനരീതികളെയും ലക്ഷ്യത്തെയും നാം മനസിലാക്കിയിരിക്കണം. ഭരണാധികാരിവർഗം ബോധപൂർവം ഈ രംഗത്തു പ്രവർത്തിക്കുന്നു. റൗഡിസം സംഘടിപ്പിച്ച് അരാജകത്വം സൃഷ്ടിക്കുന്നതിനും വ്യാമോഹം പരത്തുന്നതിനും അത്തരം സംഘടനകൾ ശ്രമിക്കുന്നു. അടിയന്തരാവസ്ഥക്കാലത്തും അതിനു മുമ്പും പിമ്പുമുള്ള യൂത്തുകോൺഗ്രസിൻെറ പ്രവർത്തനവും വർഗീയ യുവജന സംഘടനകളും ഇത്തരത്തിൽ പ്രവർത്തിക്കുന്നവരാണ്. വിപ്ളവയുവജനപ്രസ്ഥാനത്തെ റിവിഷനിസ്റ്റ്‌വീക്ഷണത്തിലാക്കാനുള്ള ശ്രമങ്ങളും ചില സംഘടനകൾ നടത്തുന്നുണ്ട്.

ഇന്നു ലഭിച്ചിട്ടുള്ള പരിമിതമായ ജനാധിപത്യാവകാശങ്ങൾ, ജനാധിപത്യവിപ്ളവത്തിൻെറ കടമ പൂർത്തീകരിക്കുന്നതിന് സഹായകമായ രീതിയിൽ നാം വിനിയോഗിക്കണം. അതിനായി കേരളത്തിലെ യുവജനങ്ങളെ മുഴുവൻ ഉൾക്കൊള്ളുന്ന ഒരു പ്രസ്ഥാനമായി കേരള സോഷ്യലിസ്റ്റ് യുവജന ഫെഡറേഷൻ ഉയരണം. പരിമിതമായ ജനാധിപത്യാവകാശങ്ങൾപോലും നിഷേധിക്കുന്ന അവസ്ഥ നാം അനുഭവിച്ചു. അത്തരം സന്ദർഭങ്ങളിൽ നഷ്ടപ്പെട്ട അവകാശങ്ങൾ പുനഃസ്ഥാപിച്ച് വിപുലമായ ബഹുജനഐക്യം വളർത്തിക്കൊണ്ട് തൊഴിലാളിവർഗബോധത്താൽ നയിക്കപ്പെടുന്ന യുവജനങ്ങളുടെ ഒരു യോജിച്ച പ്രസ്ഥാനം എന്നായിരിക്കണം നമ്മുടെ കാഴ്ചപ്പാട്. നമ്മുടെ ഉദ്ദേശലക്ഷ്യങ്ങളും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും താഴെപറയുംപ്രകാരം സംവിധാനം ചെയ്യേണ്ടതാണ്.

## ഉദ്ദേശലക്ഷ്യങ്ങൾ

1. ജനാധിപത്യവിപ്ളവത്തിൻെറ കടമകഠം പൂർത്തീകരിക്കുവാൻ കേരളത്തിലെ യുവജനങ്ങളെ സംഘടിപ്പിക്കുക.

2. സാമ്രാജ്യത്വത്തിൻെറയും മററു പിന്തിരിപ്പൻശക്തികളുടെയും ഗൂഢാലോചനയിൽനിന്നും കടന്നാക്രമണങ്ങളിൽനിന്നും ജനതയെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ മുഴുകുക.

3. നമ്മുടെ രാജ്യത്തിൻെറ സാമ്പത്തിക - രാഷ്ട്രീയ - സാമൂഹ്യ-സാംസ്കാരികമണ്ഡലങ്ങളിൽ സാമ്രാജ്യത്വശക്തികഠം നടത്തുന്ന കടന്നാക്രമണങ്ങളെ എതിർത്തു പരാജയപ്പെടുത്താനുള്ള ജനകീയസമരങ്ങഠക്കു് നേതൃത്വം നൽകുവാൻ കഴിവുള്ളവരാക്കി ജനതയെ വളർത്തുക.

4. ഫ്യൂഡൽ മുതലാളിത്ത കെട്ടുബന്ധങ്ങളിൽനിന്നു് ജനതയെ മോചിപ്പിച്ചെടുക്കുന്നതിനുവേണ്ടിയുള്ള പ്രക്ഷോഭ സമരപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നവരായി ജനങ്ങളെ വളർത്തുക.

5. തൊഴിലാളിവർഗത്തിൻെറയും മററധ്വാനിക്കുന്ന വർഗങ്ങളുടെയും അവകാശസമരത്തിൽ പങ്കുചേരുന്നതിനുള്ള സന്നദ്ധതയും തൊഴിലാളിവർഗബോധവും ജനങ്ങളിൽ വളർത്തിയെടുക്കുക.

6. അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെയും ജനാധിപത്യശക്തികളുടെയും മേൽ ഒരു പൊലീസ്രാജ് അടിച്ചേല്പിക്കുന്നതിനുള്ള ഭരണകൂടത്തിൻെറ വർഗതാല്പര്യങ്ങളെ തുറന്നുകാട്ടുകയും പരാജയപ്പെടുത്തുകയും ചെയ്യുക. അതിനുവേണ്ടി യോജിക്കാവുന്ന മുഴുവൻ ശക്തികളെയും യോജിപ്പിക്കുക.

7. ഇന്ത്യയിലും ലോകത്തെമ്പാടുമുള്ള യുവജനങ്ങളുമായി സൗഹാർദംപുലർത്തുകയും ചൂഷണത്തിനും അടിച്ചമർത്തലുകഠക്കും എതിരായ പൊതുവായ സമരമുന്നണി കെട്ടിപ്പടുക്കുകയും ചെയ്യുക.

8. യുവജനങ്ങളുടെ സാമൂഹ്യ—സാംസ്കാരിക നിലവാരം വികസിപ്പിച്ചു് ശാസ്ത്രീയസോഷ്യലിസ്റ്റ് വീക്ഷണമുള്ളവരായി ഉയർത്തുക.

9. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും വർഗീയതയുടെയും പിടിയിൽനിന്നു് ജനതയെ മോചിപ്പിച്ചെടുക്കുകയും ജനങ്ങളുടെ ഇടയിൽ ശാസ്ത്രീയബോധം വളർത്തിയെടുക്കുകയും ചെയ്യുക.

10. യുവജനങ്ങളുടെ സർവതോന്മുഖമായ അഭിവൃദ്ധിക്കും ജനതയുടെ ആകെയുള്ള ഐശ്വര്യത്തിനും ക്ഷേമത്തിനുംവേണ്ടി പ്രവർത്തിക്കുക.

## പ്രവർത്തനങ്ങൾ

1. മാർക്സിസം-ലെനിനിസത്തിൻെറ അടിസ്ഥാനതത്വങ്ങളും സമകാലിക രാഷ്ട്രീയപ്രശ്നങ്ങളും പഠിക്കുന്നതിനും ചർച്ചചെയ്യുന്നതിനുമുള്ള ക്ലാസുകളും ചർച്ചകളും സംഘടിപ്പിക്കുക.

2. സാമ്രാജ്യവിരുദ്ധ പ്രക്ഷോഭങ്ങളും പ്രചാരണങ്ങളും സംഘടിപ്പിക്കുക.

3. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ജാതിമത ഉച്ച നീചത്വങ്ങൾക്കും എതിരായി പ്രചാരണപ്രവർത്തനങ്ങളും പ്രക്ഷോഭങ്ങളും സംഘടിപ്പിക്കുക.

4. ജനാധിപത്യ സോഷ്യലിസ്റ്റ് ശക്തികളുടെ വളർച്ചയ്ക്കുതകുന്ന പ്രചാരണ പ്രക്ഷോഭങ്ങളിൽ പങ്കാളികളാകുക.

5. യുവജനങ്ങളെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളെ ശാസ്ത്രീയമായി സമീപിക്കുകയും പരിഹാരം കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുക.

6. തൊഴിലില്ലായ്മക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള ക്രിയാത്മക പരിപാടികൾ മുന്നിൽവെച്ചുകൊണ്ടുള്ള പ്രക്ഷോഭസമരങ്ങൾ സംഘടിപ്പിക്കുക.

7. തൊഴിലവകാശം മൗലികാവകാശമാക്കി തൊഴിൽ നൽകുന്നതിനുള്ള ചുമതല ഗവൺമെൻറിൽ നിക്ഷിപ്തമാകുന്ന തരത്തിൽ ഭരണഘടനയിൽ ഭേദഗതി വരുത്തുന്നതിനുള്ള പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുക.

8. പതിനെട്ടു വയസ്സായ മുഴുവൻ ആളുകൾക്കും വോട്ടവകാശം നേടിയെടുക്കുന്നതിനുള്ള പ്രക്ഷോഭം ഉയർത്തുക.

9. നിരക്ഷരതാനിർമാർജനത്തിനുവേണ്ടി, വിദ്യാഭ്യാസം സാർവത്രികവും സൗജന്യവുമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

10. യുവജനങ്ങളുടെ കായികവും മാനസികവുമായ വളർച്ചയ്ക്കുവേണ്ടി സ്പോർട്ട്സ് ക്ലബുകൾ, ജിംഖാനകൾ, കലാ-സാംസ്കാരിക സംഘടനകൾ എന്നിവ സംഘടിപ്പിച്ച് ഈ രംഗത്ത് ആരോഗ്യകരമായ മത്സരങ്ങൾ നടത്തുക.

11. തൊഴിലാളിവർഗവും മററധ്വാനിക്കുന്ന ജനവിഭാഗങ്ങളും നടത്തുന്ന അവകാശസമരങ്ങളിൽ പങ്കെടുക്കുകയും യുവജനങ്ങളിൽ തൊഴിലാളിവർഗബോധം വളർത്തുകയും ചെയ്യുക.

12. മുകളിൽ പ്രസ്താവിച്ച ലക്ഷ്യങ്ങൾ നേടുന്നതിനുള്ള ലഘുലേഖകളും പ്രസിദ്ധീകരണങ്ങളും സംഘടിപ്പിക്കുക.

13. പ്രകൃതിക്ഷോഭങ്ങളും മഹാമാരികളും കൊണ്ടുള്ള കെടുതികളിൽനിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള ക്ഷേമപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

# കേരള സോഷ്യലിസ്റ്റ് യുവജന ഫെഡറേഷൻ

# ഭരണഘടന

## 1 സംഘടനയുടെ പേര്

സംഘടനയുടെ പേര് 'കേരള സോഷ്യലിസ്റ്റ് യുവജന ഫെഡറേഷൻ' എന്നായിരിക്കും.

## 2 പ്രവർത്തനപരിധി

കേരളവും മാഹിയും ഉൾപ്പെടുന്നതായിരിക്കും സംഘടനയുടെ പ്രവർത്തനപരിധി.

## 3 കൊടി

3:2 അളവിൽ നീളവും വീതിയുമുള്ള ഒരു ചുവപ്പ് പതാകയിൽ നാടയോടടുത്ത് മുകൾഭാഗത്തായി ഒരു വെള്ളനക്ഷത്രമുള്ളതായിരിക്കും നമ്മുടെ പതാക.

## 4 ഉദ്ദേശലക്ഷ്യങ്ങൾ

(a) സാമ്രാജ്യത്വത്തിനും ജന്മി—നാടുവാഴിത്തത്തിനും കുത്തകമുതലാളിത്തത്തിനും എതിരായ ജനാധിപത്യ വിപ്ലവത്തിന്റെ കടമകൾ പൂർത്തീകരിച്ച സോഷ്യലിസ്റ്റ് ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനും;

b) യുവജനങ്ങളുടെ സാമൂഹ്യ—സാംസ്കാരിക-വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും;

(c) പുരോഗമന ജനാധിപത്യശക്തികളുടെ വളർച്ചയ്ക്കുതകുന്ന പ്രക്ഷോഭ സമരപരിപാടികളിൽ യുവജനങ്ങളെ അണിനിരത്തുന്നതിനും.

## 5 യോഗ്യതകളും അവകാശങ്ങളും

യോഗ്യതകൾ

(a) 16 വയസിനും 35 വയസിനും ഇടയ്ക്കു പ്രായമുള്ളവരും സംഘടനയും ഭരണഘടനയും ലക്ഷ്യപ്രഖ്യാപനവും അംഗീകരിക്കുകയും നടപ്പിലാക്കാൻ തയ്യാറാവുകയും ചെയ്യുന്ന ഏതൊരാൾക്കും അംഗമാകാവുന്നതാണ്.

(b) പ്രതിവർഷ അംഗത്വഫീസായി എല്ലാ മെമ്പർമാരും അമ്പതു പൈസവീതം നൽകിയിരിക്കണം.

(c) ഉപരിഘടകത്തിന്റെ തീരുമാനങ്ങളും നിർദേശങ്ങളും നടപ്പിലാക്കാൻ ഏതൊരംഗവും ബാധ്യസ്ഥനാണ്.

## 6 അവകാശങ്ങൾ

(a) ഭരണഘടനക്കു വിധേയമായി നടക്കുന്ന ഏതൊരു തെരഞ്ഞെടുപ്പിലും വോട്ടുചെയ്യുന്നതിനും തെരഞ്ഞെടുക്കപ്പെടുന്നതിനും എല്ലാ അംഗങ്ങൾക്കും അവകാശമുണ്ടായിരിക്കും.

(b) താനുൾപ്പെടുന്ന ഘടകത്തിലോ ഉപരിഘടകത്തിലോ തന്റെ അഭിപ്രായം രേഖപ്പെടുത്തുന്നതിനു് അവകാശമുണ്ടായിരിക്കും.

(c) തനിക്കെതിരായ എല്ലാ തീരുമാനങ്ങൾക്കുമെതിരായി അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള അവകാശം എല്ലാ അംഗങ്ങൾക്കും ഉണ്ടായിരിക്കും.

## 7 ഘടന

a. യൂണിററുകൾ
b. വില്ലേജ് / പഞ്ചായത്തു് / ടൗൺ / തൊഴിൽസ്ഥാപന കമ്മിററികൾ
c. ബ്ളോക്കു് / താലൂക്കുകമ്മിററി
d. ജില്ലാകമ്മിററി
e. സംസ്ഥാന എക്സിക്യൂട്ടീവ്
f. സംസ്ഥാനകമ്മിററി
g. സംസ്ഥാന സമ്മേളനം

## 8 യൂണിററുകൾ

1. വാർഡ്-തൊഴിൽസ്ഥാപനങ്ങൾ അടിസ്ഥാനമാക്കിയുള്ള യൂണിററുകളായിരിക്കും അടിസ്ഥാനഘടകം.

2. യൂണിററുകളുടെ പരമാവധി അംഗസംഖ്യ 50 ഉം ഏററവും ചുരുങ്ങിയതു് 10 ഉം ആയിരിക്കും.

3. യൂണിററുകൾക്കു് ഒരു പ്രസിഡൻറ്, ഒരു വൈസ്പ്രസിഡൻറ്, ഒരു സെക്രട്ടറി, ഒരു ജോയിൻറ് സെക്രട്ടറി എന്നിവർ ഉണ്ടായിരിക്കുന്നതാണു്.

## 9 വില്ലേജ് കമ്മിററി

1 രണ്ടോ അതിൽ കൂടുതലോ യൂണിററുകളുള്ള വില്ലേജിനോ തൊഴിൽസ്ഥാപനത്തിനോ, വില്ലേജ്/പഞ്ചായത്തു്/ടൗൺ തൊഴിൽസ്ഥാപനകമ്മിററി രൂപീകരിക്കാവുന്നതാണു്.

2 യൂണിററുകളുടെ പ്രവർത്തനങ്ങൾ പരിശോധിക്കാനും പ്രവർത്തനം പ്ലാനിടുന്നതിനുമുള്ള അധികാരം വില്ലേജ് കമ്മിററിക്കായിരിക്കും.

3 വില്ലേജ് കമ്മിററികൾക്കു് ഒരു പ്രസിഡൻറ്, ഒരു വൈസ് പ്രസിഡൻറ്, ഒരു സെക്രട്ടറി, ഒരു ജോ. സെക്രട്ടറി എന്നിവരുണ്ടായിരിക്കേണ്ടതാണു്.

4 വില്ലേജ് കമ്മിററിയുടെ പരമാവധി അംഗസംഖ്യ 11ഉം ഏററവും കുറഞ്ഞ അംഗസംഖ്യ 7 ഉം ആയിരിക്കും. വില്ലേജ് കോൺഫറൻസിൽ നിന്നായിരിക്കുംവില്ലേജ് കമ്മിററികൾ സംഘടിപ്പിക്കപ്പെടുന്നതു്.

## 10 താലൂക്കു്/ബ്ളോക്കു് കമ്മിററികൾ

1. അഞ്ചിൽ കൂടുതൽ വില്ലേജ് / ടൗൺ / തൊഴിൽസ്ഥാപന കമ്മിററികൾക്കൊരു താലൂക്കു് / ബ്ളോക്കു് കമ്മിററി സംഘടിപ്പിക്കാവു

ന്നതാണ്. താലൂക്ക കോൺഫറൻസിൽവെച്ച് താലൂക്ക് / ബ്ളോക്ക കമ്മിററികം സംഘടിപ്പിക്കാം.

2. താലൂക്ക് / ബ്ളോക്ക് കമ്മിററികാംക്ക് അവസ്ഥ താഴെയുള്ള വില്ലേജ് / ടൗൺ / പഞ്ചായത്ത് / ടൗൺ സ്ഥാപനങ്ങളുടെ പ്രവർത്ത നങ്ങാം പരിശോധിക്കുന്നതിനും പ്ലാനിടുന്നതിനും അധികാരം ഉണ്ടായി രിക്കും.

3. താലൂക്ക് / ബ്ളോക്ക് കമ്മിററികാംക്കും ഒരു പ്രസിഡൻറ്, രണ്ടു വൈസ് പ്രസിഡൻറുമാർ, ഒരു സെക്രട്ടറി, രണ്ടു ജോയിൻറ് സെക്ര ട്ടറിമാരും ഉണ്ടായിരിക്കും.

4. താലൂക്ക് / ബ്ളോക്ക് കമ്മിററികളുടെ പരമാവധി അംഗ സംഖ്യ പതിനഞ്ചായിരിക്കും.

5. ടൗൺ / പഞ്ചായത്തു് / വില്ലേജ് കമ്മിററികളിൽപെടാത്ത യൂണിററുകാം താലൂക്ക് / ബ്ളോക്ക് കമ്മററിയുടെ നേരിട്ടുള്ള നിയന്ത്രണ ത്തിൽ പ്രവർത്തിക്കേണ്ടതാണ്.

## 11 ജില്ലാകമ്മിററികം

1. ജില്ലാടിസ്ഥാനത്തിൽ താലൂക്ക്/ ബ്ളോക്ക് കമ്മിററിയുടെയും മററു കീഴ്കമ്മിററികളുടെയും പ്രവർത്തനങ്ങാം പരിശോധിക്കുന്നതിനും പ്ലാനിടുന്നതിനും ജില്ലാകമ്മിററികാംക്ക് അധികാരം ഉണ്ടായിരിക്കുന്ന താണ്.

2. ജില്ലാക്കമ്മിററിക്ക് ഒരു പ്രസിഡൻറും രണ്ടു വൈസ് പ്രസിഡ ൻറുമാരും ഒരു സെക്രട്ടറിയും രണ്ടു ജോയിൻറ് സെക്രട്ടറിമാരും ഉണ്ടായി രിക്കുന്നതാണ്.

3. ജില്ലാക്കമ്മിററിക്ക് ഏഴിൽ കവിയാത്ത അംഗങ്ങളുള്ള ഒരു എ ക്സിക്യൂട്ടീവ് ഉണ്ടായിരിക്കാവുന്നതാണ്.

4. ജില്ലാക്കമ്മിററിയെ ജില്ലാകോൺഫറൻസ് തെരഞ്ഞെടുക്കേണ്ട താണ്. പരമാവധി അംഗസംഖ്യ 21 ആയിരിക്കണം.

## 12 സംസ്ഥാന കമ്മിററി

1. സംസ്ഥാന കമ്മിററിയായിരിക്കും ഒരു സംസ്ഥാന കോൺഫറൻ സ് കഴിഞ്ഞാൽ അടുത്ത സംസ്ഥാന കോൺഫറൻസ് വരെയുള്ള പ്രവർ ത്തനങ്ങളെ സംബന്ധിച്ച പരമാധികാര ഘടകം.

2. സംസ്ഥാന കമ്മിററിയുടെ പരമാവധി അംഗസംഖ്യ 25 ആയി രിക്കും.

3. സംസ്ഥാന കമ്മിററിക്ക ഒരു പ്രസിഡൻറും ഒരു ജനറൽ സെക്രട്ട റിയും മൂന്നു് ജോയിൻറ് സെക്രട്ടറിമാരും ഉണ്ടായിരിക്കുന്നതാണ്.

4. ഏഴിൽ കവിയാതെ അംഗങ്ങളുള്ള ഒരു എക്സിക്യൂട്ടീവ് സം സ്ഥാന കമ്മിററിക്ക് ഉണ്ടായിരിക്കുന്നതാണ്. ഒരു സംസ്ഥാന കമ്മിററി യോഗത്തിനുശേഷം അടുത്ത യോഗംവരെയുള്ള സംസ്ഥാനപ്രശ്നങ്ങാം

സംസ്ഥാനകമ്മിററിയുടെ തീരുമാനത്തിന്റെ വെളിച്ചത്തിൽ എക്സി ക്യൂട്ടീവിനു് കൈകാര്യം ചെയ്യാവുന്നതാണു്.

5. സംസ്ഥാനകമ്മിററിക്കു സംസ്ഥാനം ഒട്ടാകെയുള്ള കമ്മിററികളുടെ പ്രവർത്തനങ്ങളെ പരിശോധിക്കുന്നതിനും പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണു്.

6. അംഗീകരിച്ചിട്ടുള്ള ഭരണഘടനയുടെയും ഉദ്ദേശലക്ഷ്യങ്ങളുടെയും അടിസ്ഥാനത്തിൽ പ്രചാരണ പ്രക്ഷോഭസമരങ്ങൾ പ്ലാനിടുന്നതിനും നടപ്പിലാക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണു്.

7. ഗുരുതരമായ ക്രമക്കേടുകൾ ബോധ്യപ്പെട്ടാൽ സംസ്ഥാനകമ്മിററിക്കു്, താല്പര്യമുള്ള ഏതു ഘടകത്തെയും പിരിച്ചുവിടുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും അവകാശം ഉണ്ടായിരിക്കും. അങ്ങനെ തീരുമാനമെടുക്കുമ്പോൾ സംസ്ഥാനകമ്മിററിയുടെ മൊത്തമുള്ള അംഗസംഖ്യയിൽ പകുതിയിൽ കൂടുതൽ മെമ്പർമാരുടെ അനുകൂലാഭിപ്രായം ഉണ്ടായിരിക്കേണ്ടതാണു്.

## 13 സംസ്ഥാന കമ്മിററി ഓഫീസ്

അതാതുകാലത്തെ സംസ്ഥാനകമ്മിററികൾ തീരുമാനിക്കുന്ന സ്ഥലത്തു് സംസ്ഥാനകമ്മിററി ഓഫീസ് പ്രവർത്തിക്കുന്നതാണു്.

## 14 സംസ്ഥാന കോൺഫറൻസ്

1. സംഘടനയുടെ പരമാധികാരസഭ സംസ്ഥാന കോൺഫറൻസ് ആയിരിക്കും.

2. സംസ്ഥാനകോൺഫറൻസിലേക്കുള്ള പ്രതിനിധികളെ ജില്ലാ കോൺഫറൻസിൽ നിന്നു് തെരഞ്ഞെടുക്കേണ്ടതാണു്. പ്രാതിനിധ്യവും മററും അതാതുകാലത്തെ മെമ്പർഷിപ്പിന്റെയും സംഘടനാപ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനകമ്മിററി തീരുമാനിക്കുന്നതാണു്.

3. സംസ്ഥാനകമ്മിററി മെമ്പർമാരെ സംസ്ഥാനകോൺഫറൻസ് തെരഞ്ഞെടുക്കുന്നതാണു്.

4. സാധാരണ പരിതഃസ്ഥിതിയിൽ വർഷത്തിൽ ഒരിക്കൽ സംസ്ഥാനകമ്മിററി സംസ്ഥാനകോൺഫറൻസ് വിളിച്ചു ചേർക്കേണ്ടതാണു്.

5. സംസ്ഥാന കമ്മിററി അംഗങ്ങളിൽ മൂന്നിലൊരു ഭാഗമോ, പകുതിയിൽ കൂടുതൽ ജില്ലാ കമ്മററികളോ ആവശ്യപ്പെട്ടാൽ സംസ്ഥാന കമ്മിററി സ്പെഷ്യൽ കോൺഫറൻസ് വിളിച്ചുചേർക്കേണ്ടതാണു്.

## 15 കോറം

എല്ലാ ഘടകങ്ങളുടെയും കോറം നാലിൽ ഒന്നായിരിക്കും.

## 16 ഒഴിവാക്കൽ

തുടർച്ചയായി മൂന്നു യോഗങ്ങളിൽ ഹാജരാകാതെ വരുന്ന അംഗത്തിനെ തൃപ്തികരമായ വിശദീകരണം നൽകിയില്ലെങ്കിൽ മേൽക്കമ്മിററിയുടെ അംഗീകാരത്തിനു് വിധേയമായി ഒഴിവാക്കാവുന്നതാണു്.

## 17 തെരഞ്ഞെടുപ്പും തീരുമാനങ്ങളും

കമ്മിററികളിലേക്കുള്ള വോട്ടെടുപ്പ് ആവശ്യംവന്നാൽ രഹസ്യബാലററുമുഖേന നടത്തേണ്ടതാണ്. തീരുമാനങ്ങരം ഹാജരായ മെമ്പർമാരുടെ ഭൂരിപക്ഷാടിസ്ഥാനത്തിൽ തീരുമാനിക്കാവുന്നതാണ്.

## 18 മെമ്പർഷിപ്പുവിഹിതം

മെമ്പർഷിപ്പുവിഹിതം, സംസ്ഥാനകമ്മിററിക്ക് 10 ശതമാനവും, ജില്ലാകമ്മിററികരംക്ക് 25 ശതമാനവും താലൂക്ക് / ബ്ളോക്കു കമ്മിററികരംക്ക് 25 ശതമാനവും പഞ്ചായത്ത്/ ടൗൺ ഫാക്ടറി കമ്മിററികരംക്കു 30 ശതമാനവും യൂണിററുകരംക്ക് 10 ശതമാനവും ആയിരിക്കും.

19 സംസ്ഥാന കമ്മിററിയുടെ അംഗീകാരമില്ലാതെ പൊതുവായ യാതൊരു ഫണ്ടുപിരിവും കീഴ്കമ്മിററികരംക്ക് നടത്തുവാൻ അധികാരമില്ലാത്തതാണ്. ഫണ്ടുപിരിവു നടത്തുമ്പോരം സംസ്ഥാനക്കമ്മിററിക്ക് നിശ്ചയിച്ച വിഹിതം നൽകുവാൻ എല്ലാ കീഴ്കമ്മിററികളും ബാധ്യസ്ഥമായിരിക്കും.

## 20 . അച്ചടക്കനടപടികരം

സംസ്ഥാനകമ്മിററിയുടെ അംഗീകൃതനയങ്ങരംക്കും ഭരണഘടനക്കുമെതിരായി നീങ്ങുന്ന ഏതൊരു അംഗത്തിൻെറ മേലും ആ അംഗം ഉരംക്കൊള്ളുന്ന ഘടകത്തിനോ, ഉപരിഘടകത്തിനോ അച്ചടക്കനടപടി സ്വീകരിക്കാവുന്നതാണ്. അച്ചടക്കനടപടിക്കു വിധേയമായ അംഗത്തിന് തൊട്ടുപരി കമ്മിററിമുതൽ സംസ്ഥാന സമ്മേളനം വരെ അപ്പീൽ ബോധിപ്പിക്കാൻ അധികാരം ഉണ്ടായിരിക്കും, ഒരു കമ്മിററി അപ്പീൽ നിരാകരിച്ചാൽ മാത്രമെ അതിന് ഉപരിക്കകമ്മിററിക്കു അപ്പീൽ ബോധിപ്പിക്കാൻ പാടുള്ളു. ആദ്യത്തെ അപ്പീൽ 15 ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. അപ്പീലിന് മറുപടി രണ്ടുമാസത്തിനുള്ളിൽ നൽകിയിരിക്കുകയും വേണം.

2. ഏതു നടപടിയും ഉപരിക്കമ്മിററിയുടെ അംഗീകാരത്തിനുശേഷമേ പൂർണമായി നടപ്പിൽവരികയുള്ളു.

3 ഒരു മെമ്പറെ സംഘടനയിൽ നിന്ന് പുറത്താക്കുകയെന്നതാണ് ഒരു മെമ്പറുടെ മേൽ എടുക്കാവുന്ന ഏററവും വലിയ ശിക്ഷാനടപടി.

4. സംഘടനക്കുള്ളിൽ താക്കീതുചെയ്യുക, പരസ്യമായി താക്കീതു ചെയ്യുക, പരമാവധി ഒരു വർഷക്കാലത്തേക്കു സസ്പെൻറ് ചെയ്യുക എന്നിവയാണ് മററു ശിക്ഷാനടപടികരം.

5. സാധാരണഗതിയിൽ സമാധാനം ചോദിച്ചതിനുശേഷം ആയിരിക്കും ശിക്ഷാനടപടികരം കൈക്കൊള്ളുന്നതു്. എന്നാൽ സംഘടനയുടെ ശത്രുക്കളുടെ ഏജൻറായി ഒരംഗം പ്രവർത്തിക്കുന്നുവെന്ന് കമ്മിററിക്കു ബോധ്യപ്പെട്ടാൽ ഉടനടി നടപടി എടുക്കാവുന്നതാണ്. ഈ കാര്യത്തിലും

16361



ഉപരിഘടകങ്ങൾക്ക് അപ്പീൽ ബോധിപ്പിക്കാൻ ഒരു മെമ്പർക്ക് അവകാശമുണ്ടായിരിക്കും.

6. പുറത്താക്കുന്ന ഒരാളുടെ ഒരു വർഷക്കാലത്തെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ നടപടി എടുത്ത ഘടകത്തിന് പ്രസ്തുത നടപടി പുനരാലോചനക്ക് വിധേയമാക്കാവുന്നതാണ്.

## 21 പ്രവർത്തന റിപ്പോർട്ട്

എല്ലാ ഘടകങ്ങളും തൊട്ടുപരികമ്മിററിക്കു അതതു ഘട്ടത്തിലുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ടു നൽകേണ്ടതാണ്.

## 22 അവിശ്വാസം

എല്ലാ അവിശ്വാസ പ്രമേയങ്ങൾക്കും മൂന്നിലൊന്ന് മെമ്പർമാരുടെ പിന്തുണ ഉണ്ടായിരിക്കേണ്ടതാണ്. ആകെ മെമ്പർമാരുടെ ഭൂരിപക്ഷം ഉണ്ടെങ്കിൽ അവിശ്വാസപ്രമേയം പാസായതായി കണക്കാക്കാവുന്നതാണ്.

## 23 ഭരണഘടനാ ഭേദഗതി

ഭരണഘടനയിലും മററു അംഗീകൃത രേഖകളിലും ഭേദഗതി വരുത്തുവാനുള്ള അവകാശം സംസ്ഥാന കോൺഫറൻസിനാണ്. ഭരണഘടനാ ഭേദഗതിക്കു സമ്മേളനത്തിൽ പങ്കെടുക്കുന്ന പ്രതിനിധികളുടെ മൂന്നിൽ രണ്ടു ഭൂരിപക്ഷം കിട്ടിയാൽ മാത്രമേ ഭേദഗതി അംഗീകരിച്ചതായി കണക്കാക്കപ്പെടുകയുള്ളു.

Library & Research Centre

# ലക്ഷ്യപ്രഖ്യാപനരേഖ

16361

DC Library & Research Center

കെ എസ് വൈ എഫ് പ്രസിദ്ധീകരണം

വില 60 പൈസ

Indic Digital Archive Foundation
gpura.org